# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാങ്ങോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD/TVM/GP10/903/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD/TVM/GP10/903/2022 തീയ്യതി: 30/06/2022

## തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-12-2021 മുതൽ 30-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 19-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 19-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ശാലിനി വികെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി തനുജ എംഎൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്വപ്ന എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഗീത എസ് | പ്രസിഡന്റ് | 01-01-2020 | 30-10-2020 |
| ഉദ്യോഗസ്ഥ ഭരണസമിതി | പ്രസിഡന്റ് | 30-10-2020 | 30-12-2020 |
| ശ്രീമതി ഷീജ.വി വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി(ചാർജ്ജ്) | പ്രസിഡന്റ് | 30-12-2020 | 17-02-2021 |
| ശ്രീ. എം.എം.ഷാഫി | പ്രസിഡന്റ് | 17-02-2021 | 31-03-2021 |
| ശ്രീ. സജികുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സുനിൽ ബി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബഗിത ബന്ധു | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ രാജീവ് കെഎസ് | മെഡിക്കൽ ഓഫീസർ, PHC | 01-04-2020 | 31-03-2021 |
| ശ്രീമതി അംബിക അന്തർജ്ജനം | ICDS സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ വിഷ്ണു ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സിംന റ്റി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 26-02-2021 |
| ശ്രീ ശ്രീകുമാർ എഎസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-03-2021 | 31-03-2021 |
| ശ്രീമതി സൗമ്യ ആർബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2020 | 31-03-2021 |
| ശ്രീ പ്രദീപ്കുമാർ വി ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2020 | 31-03-2021 |
| ശ്രീമതി കല കെഎസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി സരിതാ വിജയ**ൻ** | ഫിഷറീസ് എക്സ്റ്റ**ൻഷൻ** ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ ഷീജ ബി.കെ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ അനില പീതാംബരൻ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: THANUJA M.N. (Senior Grade Auditor, On 21-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-1 |
| 2 | 2020-21 ബജറ്റ് -അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 21-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-1-2 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: THANUJA M.N. (Senior Grade Auditor, On 21-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-06-2022) | 1-2 |
| 4 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ.<br>Written By: THANUJA M.N. (Senior Grade Auditor, On 29-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: THANUJA M.N. (Senior Grade Auditor, On 29-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 29-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 1-3-1 |
| 7 | പദ്ധതി അവലോകനം<br>Written By: THANUJA M.N. (Senior Grade Auditor, On 29-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 1-4 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: THANUJA M.N. (Senior Grade Auditor, On 19-06-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 1-5 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി.<br>Written By: Swapna.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-06-2022) | 1-5-1 |
| 10 | ക്യാഷ് പരിശോധന<br>Written By: Swapna.S (Senior Grade Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-6 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhu P.S (Audit Officer, On 28-05-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 1-7 |
| 12 | തൊഴിലുറപ്പ് പദ്ധതി- അപാകതകൾ.<br>Written By: Shalini V K (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 1-8 |
| 13 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല.<br>Written By: Sindhu P.S (Audit Officer, On 28-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 24-06-2022) | 1-9 |
| 14 | രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് കാര്യക്ഷമമാക്കണം.<br>Written By: Sindhu P.S (Audit Officer, On 28-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-10 |
| 15 | ലൈസൻസ് - അപാകതകൾ.<br>Written By: Swapna.S (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 1-11 |
| 16 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Swapna.S (Senior Grade Auditor, On 19-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-11-1 |
| 17 | കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ല. | 1-11-2 |

| | | |
|---|---|---|
| | Written By: Swapna.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | |
| 18 | സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നടപടി ഇല്ല.<br>Written By: Swapna.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-12 |
| 19 | തൊഴിൽ നികുതി - പിരിവിലെ അപാകതകൾ.<br>Written By: Swapna.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-13 |
| 20 | തൊഴിൽ നികുതി /സ്ഥാപന നികുതി ഒടുക്കിയില്ല.<br>Written By: Swapna.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-13-1 |
| 21 | വാടക പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല.<br>Written By: Swapna.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-14 |
| 22 | വസ്തു നികുതി<br>Written By: Swapna.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-15 |
| 23 | ക്ഷീര സമൃദ്ധി- പാലിന് സബ്സിഡി ചെലവ് രേഖകൾ ഹാജരാക്കിയില്ല. 2,32,206/-രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Swapna.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 1-16 |
| 24 | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - നടത്തിപ്പിലെ അപാകങ്ങൾ.<br>Written By: Swapna.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-17 |
| 25 | അനുപൂരക പോഷകാഹാര പദ്ധതി - സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.<br>Written By: Swapna.S (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-18 |
| 26 | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - നടത്തിപ്പിലെ അപാകതകൾ.<br>Written By: Swapna.S (Senior Grade Auditor, On 21-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-19 |
| 27 | ഭരതന്നൂർ എൽ.പി.എസ്-സ്മാർട്ട് ക്ലാസ്റൂം ആക്കുന്നതിനുവേണ്ടിയുള്ള വൈദ്യുതീകരണം - എഗ്രിമെന്റ് വയ്ക്കാത്ത കരാറുകാരന്റെ നിരതദ്രവ്യം തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല.<br>Written By: Shalini V K (Senior Grade Auditor, On 19-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-20 |
| 28 | കരാർ വയ്ക്കാൻ കാലതാമസം- പിഴ ഈടാക്കിയില്ല.<br>Written By: Shalini V K (Senior Grade Auditor, On 19-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-21 |
| 29 | പ്രോജക്ടുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.<br>Written By: Shalini V K (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-22 |
| 30 | പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയില്ല.<br>Written By: Shalini V K (Senior Grade Auditor, On 19-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-23 |
| 31 | പാങ്ങോട് മാർക്കറ്റിൽ തുമ്പൂർ മൂഴി സ്ഥാപിക്കൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Shalini V K (Senior Grade Auditor, On 19-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-24 |
| 32 | ഭരതന്നൂർ മാർക്കറ്റിൽ വനിതകൾക്ക് വേണ്ടിയുള്ള ടോയ്‌ലറ്റ്-അപാകതകൾ.<br>Written By: Shalini V K (Senior Grade Auditor, On 19-05-2022) | 1-25 |

| | | |
|---|---|---|
| | Last Updated By: K Sreeja (Deputy Director, On 29-06-2022) | |
| 33 | സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും പൂർത്തിയാക്കിയില്ല.<br>Written By: Shalini V K (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-26 |
| 34 | ഗുണമേന്മയുള്ള റോഡ് -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.<br>Written By: Shalini V K (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-27 |
| 35 | റോഡ് കണക്ടിവിറ്റി പ്ലാൻ-മാപ്പ് എന്നിവ ആധികാരികമല്ല.<br>Written By: Shalini V K (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-28 |
| 36 | എല്ലാ വാർഡുകളിലും മിനി.എം.സി.എഫ് സ്ഥാപിക്കൽ - അപാകതകൾ.<br>Written By: Shalini V K (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-29 |
| 37 | റിവൈസ്ഡ് എസ്റ്റിമേറ്റ്- പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കുന്നില്ല.<br>Written By: Shalini V K (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-30 |
| 38 | ആസ്തി പരിപാലനം- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Shalini V K (Senior Grade Auditor, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-31 |
| 39 | ദുരിതാശ്വാസ നിധി രൂപീകരണം-വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 20-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-32 |
| 40 | അംഗൻവാടികൾക്ക് ടോയ്ലറ്റ് നിർമാമാണവും നവീകരണവും- അപാകതകൾ.<br>Written By: Shalini V K (Senior Grade Auditor, On 20-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 1-33 |
| 41 | തെരുവുവിളക്കുകൾ സ്ഥാപിക്കലും മെയിന്റനൻസും - അപാകതകൾ.<br>Written By: Sindhu P.S (Audit Officer, On 28-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-34 |
| 42 | ലഭ്യമാകാത്ത ഉപകരണങ്ങൾക്ക് നൽകിയ തുക – 36,629/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sindhu P.S (Audit Officer, On 28-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-35 |
| 43 | ആകസ്മികച്ചെലവുകൾക്കായി അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചു - 3,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sindhu P.S (Audit Officer, On 28-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 1-36 |
| 44 | ഉപകരണങ്ങൾ വാങ്ങൽ - അധികമായി ഒടുക്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sindhu P.S (Audit Officer, On 28-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-37 |
| 45 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികൾ - പൊതു അപാകതകൾ.<br>Written By: Sindhu P.S (Audit Officer, On 28-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-38 |
| 46 | രേഖകൾ ഹാജരാക്കിയില്ല – 45,70,199/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sindhu P.S (Audit Officer, On 28-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 1-39 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: THANUJA M.N. (Senior Grade Auditor, On 29-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 29-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 4- 2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sindhu P.S (Audit Officer, On 29-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: THANUJA M.N. (Senior Grade Auditor, On 29-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sindhu P.S (Audit Officer, On 29-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu P.S (Audit Officer, On 29-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sindhu P.S (Audit Officer, On 29-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-06-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.<br>Written By: Sindhu P.S (Audit Officer, On 29-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu P.S (Audit Officer, On 29-05-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sindhu P.S (Audit Officer, On 29-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്ത് ഭരണസമിതിയുടെ 26.03.2020-ലെ തീരുമാനം 1(1) പ്രകാരം മുന്നിരിപ്പും വരവും ഉൾപ്പെടെ ആകെ 357618473/-രൂപയും, 350181631/-രൂപ ചെലവും 7436842/-രൂപ നീക്കിയിരിപ്പും ഉള്ള ബജറ്റ് അംഗീകരിച്ചു. ബജറ്റ് അംഗീകരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-1-2 2020-21 ബജറ്റ് -അപാകങ്ങൾ

1)ബജറ്റ് രൂപീകരണം.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്ട്സ് പരിശോധിച്ചതിൽ, ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ, തീയതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/12.05.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമം അനുശാസിക്കുംവിധം സമയ പരിധിയോടെ ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും, ബന്ധപ്പെട്ട ഫയൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിനും, മേൽ അപാകതകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2)പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല :- 02.12.2016-ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

3) ബജറ്റ് അവലോകനം.

പ്രതിമാസ അവലോകനം

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസംതോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

വാർഷിക അവലോകനം

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും

സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

4) 2020-21 ബജറ്റ്, പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I)റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവും എ.എഫ്.എസ് പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്. വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | എ.എഫ്.എസ് പ്രകാരം | റിവൈസ്ഡ് ബജറ്റ് പ്രകാരം |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 2259422 | 3500000 |
| 2 | 1102001 | തൊഴിൽ നികുതി | 1265850 | 1800000 |
| 3 | 1301001 | സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും വാടക | 242975 | 1500000 |

Ii)ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1. | 2501005 | Agriculture And Related Sectors-Dairy Development | 2000000 | - |
| 2. | 2501020 | Agriculture And Related Sectors-Vetal | 200000 | - |
| 3. | 2501022 | Agriculture And Related Sectors-Cashew Nuts | 22500 | - |
| 4. | 2501023 | Agriculture And Related Sectors-Apiculture | 200000 | - |
| 5. | 2501026 | Agriculture And Related Sectors-Agriculture Related Facilities | 1000000 | |
| 6 | 2501028 | Agriculture And | 25000 | |

| | | | | |
|---|---|---|---|---|
| | | Related Sectors-Marketing | | |
| 7. | 2501049 | Fresh Water Pisciculture | 1200000 | - |
| 8. | 2502002 | Minor Irrigation | 100000 | - |
| 9. | 2502006 | Water Conservation | 200000 | - |

Iii) ബജറ്റ്, റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1. | കൃഷിയും അനുബന്ധ മേഖലയും - മറ്റ് വിളകൾ | 2501002 | 100000 | 100000 | 1130869/- |
| 2 | മറ്റ് കാർഷിക വികസന പരിപാടികൾ | 2501003 | 100000 | 500000 | 835900/- |
| 3. | മൃഗസംരക്ഷണം-പശ്ചാത്തലം | 2501039 | 0 | 0 | 599545/- |
| 4. | ക്ഷീരവികസനം-സംഭരണവും വിപണനവും | 2501046 | 0 | 0 | 1862428/- |
| 5. | ഉൾനാടൻ മത്സ്യകൃഷി | 2501052 | 0 | 0 | 135352 |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 214(6), 214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/12.05.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

Iv) ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയില്ല.

പഞ്ചായത്ത്‌രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച്

ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ലിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)). എന്നാൽ അത്തരത്തിൽ സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2021-22-ലെ ബജറ്റിനൊപ്പം 2020-21-ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് മാത്രമാണ് പാസാക്കിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/12.05.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റ് സംബന്ധമായ മേൽ അപാകങ്ങൾക്ക്, സാധൂകരിക്കുന്ന വ്യക്തമായ മറുപടി നൽകേണ്ടതും, തുടർ വർഷങ്ങളിൽ പ്രസ്തുത അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 27.07.2021 |

### 1-2-1 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ.

1)2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൌണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2)കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

3)പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയുടെ ബാലൻസ് ഷീറ്റ് B-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 23,100/-രൂപയും B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 22,800/- രൂപയുമാണ്.

4) ലോണുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രികയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ലോൺ | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സഹകരണ ബാങ്ക് | 2065393 | - | 2065393 | 852500 | 1212893 |
| HUDCO | 23710747 | 3360000 | 27070747 | 2400861 | 24669885 |

മേൽ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ലോൺ രജിസ്റ്റർ/രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5) ബാലൻസ് ഷീറ്റ് B5 ഷെഡ്യൂളിലെ നീക്കിയിരിപ്പും (25882778) B16 ഷെഡ്യൂളിലെ നീക്കിയിരിപ്പും (25242778) പൊരുത്തപ്പെടുന്നില്ല.ആയത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിയിട്ടില്ല.

6) 2020-21 സാമ്പത്തിക വർഷത്തെ B-7, RP-34 (വരവ്), RP-34 (ചെലവ്), 2020-21 സാമ്പത്തിക വർഷത്തെ B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors EMD | 301061 | 6500 | - | 307561 |
| Suppliers EMD | 57863 | 3750 | 31963 | 29650 |

| | | | | |
|---|---|---|---|---|
| Bidders EMD | 51675 | - | 8500 | 43175 |
| Contractors Security Deposit | 97602 | 1100 | - | 98702 |
| Suppliers Security Deposit | 11404 | - | - | 11404 |
| Bidders Security Deposit | 15153 | 13050 | -- | 28203 |
| Contractors Retention | 240318 | 97227 | - | 337545 |
| Other Deposit | 63648 | - | - | 63648 |
| Rent Deposit | 475789 | - | - | 475789 |
| Auction Deposit | 171584 | - | - | 171584 |
| Deposit Received For Halls & Auditoriums | 250 | - | - | 250 |
| Election Deposit | 6000 | 101500 | - | 107500 |

ലഭ്യമായ ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിന്നും മേൽ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. ആയതിനാൽ പ്രസ്തുത തുകകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്ന് വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരവും ആയതിന്മേൽ സ്വീകരിച്ച തുടർനടപടിയും സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

7) ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2021 മാർച്ച് മാസത്തെ ഓണറേറിയം, സിറ്റിംഗ് ഫീസ്, വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2021 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

8) B 9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന നീക്കിയിരിപ്പുകൾ പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| Government And Other Dues Payable-Library Cess | 125681 |
| Government And Other Dues Payable-Refund Of Unutilised Grants Of Prior Period | 118349 |
| Flood Cess | 6406 |

Government And Other Dues Payable-Refund Of Unutilised Grants Of Prior Period-ൽ നീക്കിയിരിപ്പായുള്ള തുക 2019-20 ലെ നീക്കിയിരിപ്പ് തന്നെയാണ് .

9) ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 12,740/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല.

10) B 11, I 17(a) എന്നീ ഷെഡ്യൂളുകളുടെ പരിശോധനയ്ക്കായി ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

11) സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല.

12) ചുവടെ ചേർക്കുന്ന വരവിനത്തിന്റെ അരിയർ കളക്ഷൻ തുക (2020-21 RP 43), അരിയർ ഡിമാന്റ് തുകയെക്കാൾ (2019-20 B15) കൂടുതലാണ്.

| വരവിനം | അരിയർ കളക്ഷൻ തുക | അരിയർ ഡിമാന്റ് തുക |
|---|---|---|
| Profession Tax-Institutions/ Professionals/ Traders | 52210 | 13950 |

13) വാർഷിക ധനകാര്യ പത്രിക B18 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. അഡ്വാൻസ് തുകകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

| ക്രമ നം | ഇനം | മുന്നിരിപ്പ് | തൻവർഷം പഞ്ചായത്ത് ചെലവഴിച്ച തുക | തൻവർഷം വരവായി ലഭിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | Advance To Implementing Agencies- Deposit With KWA | 3278640 | 2711000 | - | 5989640 |
| 2 | Advance To Implementing Agencies- Deposit With KSEB | 116931 | 55278 | - | 172209 |
| 3 | Advance To Implementing Agencies- Deposit With PWD | 120000 | 190013 | - | 310013 |
| 4 | Advance To Implementing Officers | 1040161 | 476000 | 63520 | 1566121* |
| 5 | Festival Advances | 9000 | 90000 | - | 9000* |
| 6 | Advance To Others | 621679 | 1498485 | 1523067 | 504671* |

*Advance To Implementing Officers, Festival Advances, Advance To Others എന്നീ ഇനങ്ങളുടെ വാർഷിക ധനകാര്യപത്രികയിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2019-20 വാർഷിക ധനകാര്യപത്രികയിലെ B18-ൽ ഉൾപ്പെട്ട നീക്കിയിരിപ്പായ മുൻകൂറുകൾ ഏതൊക്കെ വർഷങ്ങളിലെ ഏതൊക്കെ പ്രവൃത്തികൾക്കാണ് നൽകിയിട്ടുള്ളതെന്നും, പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിനും വിശദീകരണം ലഭ്യമാക്കിയില്ല. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

14) വാർഷിക ധനകാര്യപത്രിക പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഉപയോഗിച്ച് 8,29,101/-രൂപയും, മെയിന്റനൻസ് ഫണ്ട് നോൺറോഡ് ഉപയോഗിച്ച് 10,50,713/- രൂപയും ആസ്തി രൂപീകരണത്തിനായി ചെലവഴിച്ചതായി കാണുന്നു. പ്രസ്തുത ഫണ്ടുകൾ ഏതൊക്കെ പ്രവൃത്തികൾക്കായി ഉപയോഗിച്ചുവെന്ന വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു:-

| ഫണ്ട് | RP7 | I 6 | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡ് | 23582122 | 22753021 | 829101 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 7575911 | 6525198 | 1050713 |

15) 2020-21 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 696574 | 724650 | 1421224 | 724650 | 696574 | 696574 |

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 526691 | 2777522 | 3304213 | 1492522 | 1811691 | 1220121 |
| ആകെ | 1223265 | 3502172 | 4725437 | 2217172 | 2508265 | 1916695 |

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 19,16,695/-രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

16) ട്രഷറി റ്റി. എസ്. ബി (799011400001244) അക്കൗണ്ടിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 10,00,000/-രൂപയാണ്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 8,11,695/-രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് റികൺസിലിയേഷൻ നടത്തിയിട്ടുള്ളത്. മേൽ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം 8,11,695/-രൂപയാണ് നീക്കിയിരിപ്പ്. AFS-ലും 8,11,695/-രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് കൃത്യമാക്കി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

17) താഴെ പറയുന്ന ക്ഷേമപദ്ധതികൾക്കായി വാർഷികധനകാര്യ പത്രിക പ്രകാരം വിതരണം ചെയ്ത തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | AFS പ്രകാരമുള്ള തുക |
|---|---|---|
| 1 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 |
| 2 | തൊഴിൽരഹിത വേതനം | 2160 |

ആയത് പരിശോധിയ്ക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

18) വസ്തു നികുതി സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും എ.എഫ്.എസ് പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

19) നികുതി/നികുതിയേതര വരവുകളുടെ ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എ.എഫ്.എസ് പ്രകാരമുള്ള പ്രസ്തുത വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസുകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

20) ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ, നൽകി മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ മാറ്റിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം | ബാങ്കിന്റെ പേര്/ അക്കൗണ്ട് നം | വൗച്ചർനം/തീയതി | ചെക്ക് നം/ തീയതി | തുക |
|---|---|---|---|---|
| 1 | എസ് ബി ഐ, പാങ്ങോട്, A/c No.67220504341 | 21900947/14.03.20 | 484732/04.03.20 | 720/- |
| 2 | | 21900779/20.02.20 | 489685/13.01.20 | 50000/- |
| 3 | | 21900440/17.09.19 | 241110/17.09.19 | 1500/- |
| 4 | | 21800443/17.09.19 | 241113/17.09.19 | 1500/- |
| 5 | | 22000165/10.08.20 | 591959/24.06.20 | 3000/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 07/11.05.2022, 18/15.05.22 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 21323559 | 21323559 | 20204425*a | 1119134 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 8803941 | 8803941 | 7431827*b | 1372114 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1957412 | 1957412 | 1780654*c | 176758 |
| CFC(tied) | 0 | 8640000 | 8640000 | 3152177 | 5487823 |
| CFC(untied) | 0 | 1876468 | 1876468 | 14740418 | 4024230 |
| Maintenance Fund(nonroad) | 0 | 7768622 | 7768622 | 7575911 | 192711 |
| Maintenance Fund(road) | 0 | 26183000 | 26183000 | 23582122 | 2600878 |
| CSS*d | 0 | 0 | 0 | 2477108 | -2477108 |
| SSS*e | 0 | 0 | 0 | 70769 | -70769 |

*A) ACR പ്രകാരമുള്ള ചെലവ് 18829210/-രൂപയാണ്.

*B) ACR പ്രകാരമുള്ള ചെലവ് 6552768/-രൂപയാണ്.

*C) ACR പ്രകാരമുള്ള ചെലവ് 1634066/-രൂപയാണ്.

*D) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്-ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

*E) സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്-ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

### 1-3-1 ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

1. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30% എങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കുറഞ്ഞതുക 47,35,920/-രൂപയാണ്. എന്നാൽ ഉത്പാദന മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുക (4756780/-) വകയിരുത്തിയിരുന്നുവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 38,86,424/-രൂപ മാത്രമാണ്. വകയിരുത്തലിന്റെ ചെലവ് ശതമാനം 82% ആണ്.

2. സ.ഉ(കൈ)നം.11/2018/lsgd, Dated 29.01.2018 ഖണ്ഡിക 5.4.1.11 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ,

ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 13,78,670/-രൂപ ആണ്. എന്നാൽ 12,78,224/-രൂപ മാത്രമാണ് പ്രസ്തുത മേഖലയ്ക്കായി വകയിരുത്തിയത്. ആയതിൽ നിന്നും 1,00,000/-രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. വകയിരുത്തലിന്റെ 11% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ഐ സി ഡി എസ്-ന്റെ ചെലവ് പത്രിക പ്രകാരം പ്രോജക്ട് നം 44/21, 45/21 എന്നിവയ്ക്ക് 7,41,000/-രൂപയും, 2,05,200/- രൂപയും യഥാക്രമം അടങ്കൽ വകയിരുത്തുകയും പൂർണ്ണമായി ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടുകളുടെ വിവരങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ഘടക/ഉപഘടക പദ്ധതികളുടെ ചെലവ് പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

3. സ.ഉ(കൈ)നം.11/2018/lsgd, Dated 29.01.2018 ഖണ്ഡിക 5.4.1.11 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും, പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വേണ്ടിയുള്ള പദ്ധതിയ്ക്കായി വകയിരുത്തേണ്ട കുറഞ്ഞതുക 13,78,670/-രൂപയാണ്. എന്നാൽ പ്രസ്തുത മേഖലയിലെ പദ്ധതികൾക്കായി ആകെ 13,71,190/-രൂപയാണ് അടങ്കൽ വകയിരുത്തിയിട്ടുള്ളത്. ആയതിൽ 9,84,814/-രൂപ മാത്രമാണ് ചെലഴിച്ചിട്ടുള്ളത്. വകയിരുത്തിയതിന്റെ 72% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

4. സ.ഉ(കൈ)നം.11/2018/lsgd, Dated 29.01.2018 ഖണ്ഡിക 5.4.1.8 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റ മുപ്പത് ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ലായെന്നിരിക്കെ അധികം തുക പശ്ചാത്തലമേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ മുപ്പത് ശതമാനമായ 19,70,700/-രൂപ വരെ പരമാവധി വകയിരുത്തുവാൻ കഴിയുമായിരുന്നുള്ളുവെന്നിരിക്കെ 23,63,721/-രൂപ ഈയിനത്തിൽ വകയിരുത്തി. 1,76,65,252/-രൂപ മാത്രമാണ് വിനിയോഗിച്ചത്. വകയിരുത്തലിന്റെ 75%-മാണ് വിനിയോഗിച്ചിട്ടുള്ളത്.

5. സ.ഉ(കൈ)നം.11/2018/lsgd, Dated 29.01.2018 ഖണ്ഡിക 5.2.1 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങളിൽ ഉൾപ്പെട്ടതാണ് പാലിയേറ്റീവ് കെയർ പ്രോജക്ടിനുള്ള വിഹിതം പദ്ധതി. ബജറ്റ് അനുബന്ധം 2 പട്ടിക 9 (അനിവാര്യ പരിപാടികൾക്ക് വികസന ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ) പ്രകാരം വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും പാലിയേറ്റീവ് കെയർ പ്രോജക്ടിനുള്ള അനിവാര്യവകയിരുത്തൽ തുക 10,66,020/-രൂപയാണ്. എന്നാൽ പ്രസ്തുത മേഖലയിലെ വകയിരുത്തൽ 10,66,020/-രൂപയും ചെലവ് 9,84,814/-രൂപയും മാത്രമാണ്.

6. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

2020-21 സാമ്പത്തിക വർഷത്തിൽ വികസനഫണ്ട് (എസ്.സി.പി) -യിൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക ₹ | ചെലവ് തുക ₹ (ACR പ്രകാരം) | നീക്കിയിരിപ്പ് തുക ₹ | ചെലവ് ശതമാനം | 2021-22 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 8803941 | 6552768 | 2251173 | 74% | 1760788 |

7. 12.03.2021-ലെ സ.ഉ(സാധാ) നം.2247/2021/ധന., 26.02.2021-ലെ സ.ഉ(സാധ)നം.622/2021/തസ്വഭവ. എന്നിവ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ലഭിച്ച ധനകാര്യ കമ്മീഷൻ വിഹിതമൊഴിച്ചുള്ള വികസന ഫണ്ട് 90 ശതമാനത്തിന് മുകളിൽ ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 25 ശതമാനം തുക എന്ന പരിധിയ്ക്ക് വിധേയമായി ക്യാരി ഓവർ ചെയ്ത തുകയോ ഏതാണോ കൂടുതൽ അതിൽ പരിമിതപ്പെടുത്തി പണം അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് 2020-21-ൽ വികസനഫണ്ട് 72% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. പൊതു വിഭാഗത്തിൽ ₹48,38,590/-രൂപ, പട്ടികജാതി വിഭാഗത്തിൽ ₹48,24,415/-രൂപ, പട്ടികവർഗ്ഗ വിഭാഗത്തിൽ ₹2,61,852/-രൂപ സ്പിൽ ഓവർ പ്രോജക്ടുകൾ 2020-21 ബജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് 90 ശതമാനത്തിനു മുകളിൽ ഫണ്ട് ചെലവഴിക്കുമായിരുന്നെങ്കിൽ പൊതുവിഭാഗത്തിൽ മേൽ തുകകൾ അധിക അലോട്ട്മെന്റായി ലഭിക്കുമായിരുന്നു. യഥാസമയം പണം

ചെലവഴിക്കാതിരുന്നതിനാൽ പൊതു വിഭാഗത്തിൽ ₹48,38,590/-രൂപ, പട്ടികജാതി വിഭാഗത്തിൽ ₹48,24,415/-രൂപയും, പട്ടികവർഗ വിഭാഗത്തിൽ ₹2,61,852/-രൂപയും നഷ്ടമായി.

8. B4 ഷെഡ്യൂളിൽ പഞ്ചായത്തിന്റെ വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ:-

I) 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം തനതു ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ്ഡ് കോഡ് | ഇനം | B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 320100116 | CSS-Sarva Siksha Abhiyan | 9059 |
| 2 | 320200309 | Literacy Scheme Grant | 313462 |
| 3 | 320700105 | Contributions For Joint Venture Projects For Capital Expenditure- From District Panchayats | 234953 |
| 4 | 320700405 | Contributions For Other Specific Purposes Revenue Expenditure- From District Panchayats | 180000 |

Ii) 2019-20, 20-21 സാമ്പത്തിക വർഷത്തെ എ.എഫ്.എസ്-ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320200323 | Grant For Keralolsavam | 20000 |
| 2 | 320300103 | Grants, Funds & Contributions For Specific Purposes-Total Sanitation | 927578 |
| 3 | 320700205 | Contributions For Joint Venture Projects For Revenue Expenditure- From District Panchayats | 281621 |

Iii) 2020-21 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320200322 | Grants From Suchitwa Mission | 3203377 |
| 2 | 320300199 | Grants, Funds & Contributions For Specific Purposes – Other Government Agencies - | 1759391 |
| 3 | 320400199 | Grants, Funds & Contributions For Specific Purposes – Other Financial Institutions - | 58365 |
| 4 | 320700204 | Contributions For Joint Venture Projects For Revenue Expenditure- From Block Panchayats | 1220121 |
| 5 | 350200301 | Recoveries Payable-Covid | 623316 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കിയിട്ടില്ല.

9. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം-അപാകതകൾ.

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം

നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്.

10. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതം 3,39,525 /-രൂപ ഏതിനത്തിലുള്ളതാണെന്നും പ്രോജക്ട് നം. വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവയും ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.07-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മറ്റ് അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16-ന് വികസനഫണ്ട് (ജനറൽ) വ്യത്യാസമുള്ള തുക ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് 4,16,921/- രൂപയാണെന്നും വികസനഫണ്ട് (എസ്.സി.പി) വ്യത്യാസമുള്ള തുക ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ആണെന്നും വിശദീകരിച്ചിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

1) ആസൂത്രണ സമിതി.

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ, തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. 2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുനഃസംഘടിപ്പിച്ചിട്ടില്ല.

2)വർക്കിംഗ് ഗ്രൂപ്പ്.

സ.ഉ(കൈ) നം.11/2018/ത.സ്വ.ഭ.വ, തീയതി 29.01.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്.

വാർഷിക പദ്ധതി രൂപീകരണത്തിനായി 31.01.2020-ൽ വർക്കിംഗ് ഗ്രൂപ്പ് യോഗം നടന്നിട്ടുണ്ട്. ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.8/11.05.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| I | ദാരിദ്ര്യ ലഘൂകരണം | 31.01.2020 | തൊഴിലുറപ്പ് പദ്ധതിയിലൂടെ ആട്ടിൻകൂട്, കോഴിക്കൂട് തൊഴുത്ത് എന്നിവ നിർമ്മിച്ചവർക്ക് മുൻഗണന നൽകി അവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ കൊണ്ടുവരിക |
| Ii | ശുചിത്വം, കുടിവെള്ളം | 31.01.2020 | പൊതുസ്ഥലങ്ങളിൽ മാലിന്യനിർമ്മാർജ്ജനത്തിന് ശാസ്ത്രീയമായ പരിഹാരം കണ്ടെത്തണം |
| Iii | വിദ്യാഭ്യാസം, കല, സംസ്കാരം | 31.01.2020 | സ്കൂളുകൾക്ക് അപകട ഭീഷണിയുണ്ടാകുന്ന മരങ്ങൾ മുറിച്ചുമാറ്റുക |

വർക്കിംഗ് ഗ്രൂപ്പുകൾ 2020-21 വർഷത്തെ പദ്ധതി ആസൂത്രണത്തിനായി ആകെ ഒരു തവണ മാത്രമാണ് യോഗം

ചേർന്നത്. മിനിറ്റ്സ് ബുക്കിൽ 07.03.2020 തീയതിയിൽ പദ്ധതികളുള്ള നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പങ്കെടുത്ത അംഗങ്ങളുടെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3)സ്റ്റാറ്റസ് റിപ്പോർട്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.8/11.05.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | സാമൂഹ്യനീതി | ഗുരുതരം | ലഹരിവസ്തുക്കളുടെ ഉപയോഗം, ആത്മഹത്യാ പ്രവണത, അരക്ഷിതത്വം |
| | | ഗുരുതരം | പോഷകക്കുറവ് |
| Ii | വനിതാവികസനം | ഗുരുതരം | സ്ത്രീസംരക്ഷണ നിയമങ്ങളിലെ അജ്ഞത |
| | | അതീവ ഗുരുതരം | സ്ത്രീസുരക്ഷാ സംവിധാനങ്ങളിലെ അപാകതകൾ |
| Iii | മൃഗസംരക്ഷണവും, ക്ഷീരവികസനവും | ഗുരുതരം | തീറ്റപ്പുല്ലിന്റെ അഭാവം |
| | | ഗുരുതരം | വന്യമൃഗ ആക്രമണം |
| Iv | ദാരിദ്ര്യ ലഘൂകരണം | ഗുരുതരം | ജീവിതനിലവാരം മെച്ചപ്പെടുത്തൽ (മദ്യപാനം, മയക്കുമരുന്ന് ഉപയോഗം) |
| | | ഗുരുതരം | അലർജിരോഗങ്ങൾ, കുടിവെള്ള പ്രശ്നം |
| V | പട്ടികജാതി വികസനം | അതീവഗുരുതരം | കുടിവെള്ള പ്രശ്നം |
| | | അതീവഗുരുതരം | ശുചിത്വം |

4) സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽ തുക 14,32,27,649/-രൂപയും ചെലവ് 9,00,05,627/-രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 63 % മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | ഉല്പാദനം | 6448594 | 5572741 | 86% |
| | സേവനം | 18978871 | 14127425 | 74% |
| | പശ്ചാത്തലം | 504500 | 504259 | 99% |
| വികസന ഫണ്ട് പട്ടികജാതി വിഭാഗം | ഉല്പാദനം | 384000 | 240000 | 62% |
| | സേവനം | 10695130 | 6192111 | 58% |
| | പശ്ചാത്തലം | 1003800 | 999716 | 99% |
| വികസന ഫണ്ട് പട്ടികവർഗ്ഗ വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 2760526 | 1780654 | 64% |
| | പശ്ചാത്തലം | 0 | 0 | 0 |

## 1-5 ക്ഷേമ പദ്ധതികൾ

- തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

*ഖണ്ഡിക 1-2-1(17) കാണുക

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം* | - | - |
| കർഷകതൊഴിലാളി പെൻഷൻ | 9562700 | 644 |
| വിധവാ പെൻഷൻ | 29033800 | 1905 |
| വാർദ്ധക്യകാല പെൻഷൻ | 40136000 | 2738 |
| വികലാംഗ പെൻഷൻ | 6979800 | 463 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം* | 30000 | 10 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 372200 | 24 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2020-21 മരണ റിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. ഓഡിറ്റിന് ഹാജരാക്കിയ പല മരണ റിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മസ്റ്റർ ചെയ്ത തീയതി | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം |
|---|---|---|---|---|---|---|---|
| 1 | ഗംഗാധരൻ | 102510200732 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16/11/2019 | 16/07/20 | ആക്ടീവ് | 08/2020-04/2022 |
| 2 | മുഹമ്മദ്ബഷീർ | 102510202925 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10/12/19 | 09/09/20 | ആക്ടീവ് | 10/2020-04/2022 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ഭവാനി.സി | 102510601715 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 13/12/19 | 12/01/21 | ആക്ടീവ് | 02/2021-04/2022 |
| 4 | ഷിഹാബുദ്ദീൻ.ജെ | 102510201898 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15/12/19 | 26/12/20 | ആക്ടീവ് | 01/2021-04/2022 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നമ്പർ (11/2020-21, തീയതി 12/05/22) തുക തിരികെ അടവാക്കുവാൻ മേൽ വ്യക്തികളുടെ അവകാശികൾക്ക് നോട്ടീസ് നൽകുന്നതാണ് എന്ന് മറുപടി നൽകി. അർഹതയില്ലാതെ നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.05.22, 03.40 Pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 36,119/-രൂപ (മുപ്പത്തി ആറായിരത്തി ഒരുന്നൂറ്റി പത്തൊൻപത് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ശ്രദ്ധയൂന്നേണ്ട വിഷയങ്ങൾ/നിർദ്ദേശങ്ങൾ താഴെ :-

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം യോഗം ചേർന്നിട്ടില്ല.

2) റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

3) 2004ലെ കേരള പഞ്ചായത്ത്‌രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ടപ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 25.06.2019-ൽ പുതുക്കി പ്രസിദ്ധീകരിച്ച പൗരാവകാശ രേഖയുടെ പകർപ്പ് പരിശോധനയ്ക്കായി ലഭ്യമാക്കി.

4)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നമ്പർ 123/2009 /തസ്വഭവ, തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യണം.

ബി) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ (രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ 8-ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കുകയോ ചെയ്യണം.

സി) ഏഴ് ദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണം.

ഡി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനു വേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം.

ഇ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

എഫ്) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

ജി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

5) ഗ്രാമപഞ്ചായത്തിലെ ടോക്കൺ സമ്പ്രദായം പ്രവർത്തനക്ഷമമല്ല.

6) പരാതി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

7) ഗ്രാമപഞ്ചായത്തിന് 26.05.2015-ന് ലഭ്യമായ ISO സർട്ടിഫിക്കറ്റിന് 25.05.2018 വരെയാണ് കാലാവധിയുണ്ടായിരുന്നത്. എന്നാൽ, അത് യഥാസമയം പുതുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല. 17.07.2019-ന് ലഭിച്ച, നിലവിലുള്ള ISO സർട്ടിഫിക്കേഷന് (നമ്പർ TQS/Q-731) 16.07.2022 വരെ കാലാവധിയുണ്ട്.

8) വെറ്റിനറി സർജൻ, 29.02.2021 മുതൽ ചുമതലപ്പെട്ട ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ ഫയലുകൾ ആവർത്തിച്ച് ആവശ്യപ്പെട്ടതിനുശേഷവും ഓഡിറ്റ് റിക്വിസിഷൻ നല്കിയതിന് ശേഷവും ലഭ്യമാക്കിയിട്ടില്ല. (ഖ.1-16, 1-39 കാണുക).

9) പദ്ധതി നിർവ്വഹണത്തിനും ആകസ്മികച്ചെലവുകൾക്കും നിർവ്വഹണോദ്യോഗസ്ഥർക്കും മറ്റുദ്യോഗസ്ഥർക്കും മുൻകൂറുകൾ അനുവദിച്ചു നൽകുന്നുണ്ട്. എന്നാൽ ഇവയൊന്നും സമയബന്ധിതമായി ക്രമീകരിക്കുന്നില്ല.

10) തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നികുതി സ്രോതസ്സുകൾ കണ്ടെത്തുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി- അപാകതകൾ.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 133041 | 1898114 | 2031155 | 1766125 | 265030 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 86666000 | 86666000 | 86666000 | 0 |
| ആകെ | 133041 | 88564114 | 88697155 | 88432125 | 265030 |

1) MNREGA ആക്ട് 2005 സെക്ഷൻ 17 പ്രകാരം MNREGA സ്കീം പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2020-21 ൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതിന്റെയും സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖ.4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമായി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21, ഖ4.5.1 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതുജനങ്ങൾക്കും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21, ഖ7.12.5 പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട 21 രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

A. കവർപേജ് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

B. ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്സ് ഫയലിൽ ലഭ്യമല്ല.

C. ടെക്നിക്കൽ എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവയുടെ കോപ്പി ഫയലിൽ ലഭ്യമല്ല. കൂടാതെ ആകെ എസ്റ്റിമേറ്റ്, ലേബർ എസ്റ്റിമേറ്റ്, മെറ്റീരിയൽ എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെട്ട കോസ്റ്റ് എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്റ്റ്, പ്രോജക്റ്റ് റിപ്പോർട്ട്/ ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

D. ഡിമാന്റ് ആപ്ലിക്കേഷൻ ഫോം, വർക്ക് അലോക്കേഷൻ ഫോം എന്നിവ ഫയലിൽ ലഭ്യമല്ല.

E. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

F. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

G. വേജ് ലിസ്റ്റിന്റെ കോപ്പി ഫയലിനോടൊപ്പം ലഭ്യമല്ല.

4) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി നിർമ്മാണ സാമഗ്രികൾ സമാഹരിക്കുന്നതിലെ അപാകതകൾ :-

മിനിസ്ട്രി ഓഫ് റൂറൽ ഡവലപ്മെന്റ് 29.11.2010-ലെ നം. J-11060/3/2009-MGNREGA കത്തിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി സാധനസാമഗ്രികൾ സമാഹരിക്കേണ്ടതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നം.93/2012, തസ്വഭവ തീയതി 31.03.2012, സ.ഉ.(കൈ) നം.284/2012, തസ്വഭവ തീയതി 03.11.2012 ഉത്തരവുകളിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായുള്ള സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് കേരള സർക്കാരും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തുടർന്ന് സാധന സാമഗ്രികളുടെ സമാഹരണത്തിനായി 2013-ൽ സ്റ്റോർ പർച്ചേസ് മാന്വലും (സ.ഉ. (പി)നം.3/2013/എസ്.പി.ഡി. തീയതി 21.06.2013) സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ. (എം.എസ്)നം.13/2015/ഐ.റ്റി.ഡി, തീയതി 12.05.2015 ഉത്തരവിലൂടെ 5 ലക്ഷം രൂപയിലധികമുള്ള എല്ലാ വാങ്ങലുകൾക്കും ഇ-ടെണ്ടർ നടപടികൾ നിർബന്ധമാക്കിയും ഉത്തരവായിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയ, ലഭ്യമാക്കിയ രേഖകൾ പ്രകാരം 12 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഓരോ മാസത്തെയും പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ഇനം, അളവ്, സ്പെസിഫിക്കേഷൻ എന്നിവ തരംതിരിച്ച പട്ടികപ്പെടുത്തിയ ശേഷം, ഓരോ അർദ്ധ വർഷത്തേക്കും ആവശ്യമായ ആകെ സാധനസാമഗ്രികളുടെ വിവരം ക്രോഡീകരിച്ച്, ഓരോ അർദ്ധവർഷത്തേക്കുമാണ് വാങ്ങലുകൾ നടത്തേണ്ടത്. തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വാങ്ങലുകൾക്ക് മേൽപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ഓരോ ടെണ്ടറിലെയും ആവശ്യമായ സാധനങ്ങൾ ഒരുമിച്ച് ടെണ്ടർ ചെയ്യാതെ സാധന ഇനങ്ങൾക്ക് കരാറുകാരനിൽ നിന്നും പ്രത്യേകം ടെണ്ടറുകൾ സ്വീകരിച്ച്, പ്രത്യേകം സെലക്ഷൻ നോട്ടീസ് നൽകി, ഓരോ ഇനം സാധനം സപ്ലൈ ചെയ്യുന്നതിനും പ്രത്യേകം കരാറുകൾ ചമച്ചാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ ചെലവിലും, സുതാര്യമായ രീതിയിലും ലഭ്യമാക്കുന്നതിനുള്ള എല്ലാ സാധ്യതകളും മേൽ നടപടികളിലൂടെ നഷ്ടമായി.

5) ദർഘാസ് പ്രമാണങ്ങളുടെ വിറ്റുവരവ് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റു വരവുകളായി ഉൾപ്പെടുത്തി കണക്കു സൂക്ഷിക്കേണ്ടതാണെങ്കിലും, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്കിൽ പ്രസ്തുത വരവ് ഉൾപ്പെട്ടിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ ടെണ്ടർ ഫോറം വിറ്റു വരവിനത്തിൽ ഗ്രാമപഞ്ചായത്തിന് 97,750/-രൂപ വരവുണ്ട്. പ്രസ്തുത തുക ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ടെണ്ടർ ഫാറവില കൂടി ഉൾപ്പെട്ടതാണ്.

6) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ തുക അടവാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തി | എം.ബുക്ക് നം. | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|---|
| 1 | കൊച്ചുകടമുക്ക് ഊരാളിക്കോണം തടം കോൺക്രീറ്റ് നിർമ്മാണം | 3941/2020-21 | സജീം. എ | 3585677 |
| 2 | വെള്ളയംദേശം ഏലാതടം കോൺക്രീറ്റ് നിർമ്മാണം | 4008/2020-21 | സുനിൽകുമാർ | 406866 |
| 3 | വാറുവിള ഉളിയൻകോട് തടം കോൺക്രീററിംഗ് | 4007/2020-21 | സുനിൽകുമാർ | 409710 |
| 4 | കൊച്ചാലുംമൂട് ഉളിയൻകോട് തടം കോൺക്രീറ്റിംഗ് | 3878/2020-21 | സജിം. എ | 365950 |
| 5 | മാറനാട് മാടൻനട തടം കോൺക്രീറ്റ് നിർമ്മാണം | എം.ബുക്ക് നം. രേഖപ്പെടുത്തിയിട്ടില്ല | സജിം.എ | 150932 |
| 6 | പുലിപ്പാറ താഴെപാങ്ങോട് തടം കോൺക്രീറ്റ് | 3871/2020-21 | സജിം.എ | 341700 |
| 7 | സേനാനിപുരം കട്ടക്കകുന്ന തടം കോൺക്രീററിംഗ് | 3944/2020-21 | സജിം.എ | 385929 |

| | | | | |
|---|---|---|---|---|
| 8 | മന്ദിരംമുക്ക് തോട്ടുമുക്ക് തടം കോൺക്രീറ്റ് | 3947/20-21 | സജീം.എ | 376646 |
| 9 | ചന്തക്കുന്ന് മുളകിട്ട കാട് തടം കോൺക്രീറ്റ് | 3918/2020-21 | സജീം. എ | 361792.92 |
| 10 | വട്ടവയൽ വള്ളംകെട്ടിയ മൂല തടം കോൺക്രീററിംഗ് | എം.ബുക്ക് നം. രേഖപ്പെടുത്തിയിട്ടില്ല | സജീം.എ | 364016 |
| 11 | വല്ലത്താൻ നഗർ കൊല്ലം വിളാകം കോൺക്രീറ്റ് | 3877/2020-21 | സജി.എ | 366710.32 |
| 12 | കൊടുങ്ങൻ ചേരി മാമ്പഴവിള തടം കോൺക്രീറ്റ് നിർമ്മാണം | 4009/20-21 | സുനിൽകുമാർ | 401192 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.38-ന് ലോക്ഡൗൺ നിലനിന്നിരുന്നതിനാൽ ഗ്രാമസഭയും സോഷ്യൽ ഓഡിററും റോസ്ഗാർ ദിനവും നടത്തിയിട്ടില്ലായെന്നും മാസ്റ്റർ സർക്കുലർ അനുസരിച്ച് 2021-22 മുതൽ ഫയലുകൾ സൂക്ഷിക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എം.ഐ.എസ്-ൽ ഓപ്ഷൻ ലഭ്യമല്ലാത്തതിനാൽ ദർഘാസ് പ്രമാണങ്ങളുടെ വിറ്റുവരവ് എം.എൻ.ആർ.ഇ.ജി.എസ്-ന്റെ കണക്കിൽ ഉൾപ്പെടുത്താത്തതെന്നും കരാറുകാർ നികുതി ഒടുക്കുവരുത്താമെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-9 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല.

സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ, തീ 08.11.2010, 2013-ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

2020-21 വർഷത്തിൽ ഒരു പ്രാവശ്യം മാത്രം കൂടിയ കമ്മിറ്റി, വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ 4 പ്രോജക്ടുകൾ നടപ്പാക്കുന്നതിനു വേണ്ട ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കാൻ തീരുമാനിച്ച് പിരിയുകയാണ് ചെയ്തിട്ടുള്ളത്.

വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്. പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് കാര്യക്ഷമമാക്കണം.

സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ പല രേഖകളും വ്യക്തമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

മുൻകൂർ രജിസ്റ്റർ :-

നിർവ്വഹണോദ്യോഗസ്ഥർക്കുൾപ്പെടെ പല അവസരങ്ങളിലും തനതുഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ചുവടെപ്പറയും പ്രകാരം അഡ്വാൻസ് തുകകൾ അനുവദിച്ചിട്ടുള്ളതായി ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു.

| വൗച്ചർ നം, തീയതി | ആർക്ക് നൽകി | രേഖപ്പെടുത്തിയിട്ടുള്ള ആവശ്യം | തുക |
|---|---|---|---|
| 22000159/24.6.20 | NREGS | UPS സർവ്വീസ് | 4000/- |
| 22000161/24.6.20 | NREGS | Battery Water | 450/- |
| 22000101/13.05.20 | മെഡിക്കൽ ഓഫീസർ, ഹോമിയോ | കണ്ടിൻജന്റ് ചെലവുകൾ | 41000/- |

| | | | |
|---|---|---|---|
| 22000255/28.7.20 | അസിസ്റ്റന്റ് എഞ്ചിനിയർ | കണ്ടിൻജന്റ് ചെലവുകൾ | 25000/- |
| 22000302/05.8.20 | കൃഷി ഓഫീസർ | കണ്ടിൻജന്റ് ചെലവുകൾ | 40000/- |
| 22000863/8.10.20 | മെഡിക്കൽ ഓഫീസർ, ആയുർവേദം | കണ്ടിൻജന്റ് ചെലവുകൾ | 40000/- |
| 22000075/4.5.20 | മെഡിക്കൽ ഓഫീസർ, PHC | കണ്ടിൻജന്റ് ചെലവുകൾ | 100000/- |
| 22000871/19.10.20 | മെഡിക്കൽ ഓഫീസർ, PHC | കണ്ടിൻജന്റ് ചെലവുകൾ | 200000/- |
| 22000143/3.6.20 | മെഡിക്കൽ ഓഫീസർ, PHC | ശുചിത്വമിഷൻ ഫണ്ട് | 190000/- |

എന്നാൽ പ്രസ്തുത ചെലവുകളൊന്നും ക്രമീകരിച്ചതിന് യാതൊരു രേഖയും പഞ്ചായത്തിൽ ലഭ്യമല്ല. ആകസ്മിക ചെലവുകൾക്കായി അനുവദിച്ച തുക ഉപയോഗിച്ച് മെഡിക്കൽ ഓഫീസർ കൃഷിക്കായുള്ള ഉപകരണങ്ങളും വിത്തും വളവും മറ്റും വാങ്ങിയതായാണ് രേഖകളിൽ നിന്നും വ്യക്തമാകുന്നത്. രജിസ്റ്റർ കൃത്യമായി സൂക്ഷിച്ച് മുൻകൂർ തുകകൾ സമയപരിധിക്കുള്ളിൽ ക്രമീകരിക്കാത്തത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

<u>വൗച്ചറുകൾ :-</u>

തനതുഫണ്ടിൽ നിന്നുള്ള ചെലവുകൾക്കാധാരമായ വൗച്ചറുകൾ കൃത്യമായി നമ്പറിട്ട് അടുക്കി സൂക്ഷിക്കുന്നില്ല. ചെലവ് സംബന്ധിച്ച അനുബന്ധരേഖകൾ എല്ലാം വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ എല്ലാ വൗച്ചറുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്നതും വ്യക്തമല്ല.

<u>വിവിധ മീറ്റിംഗുകളുടെ മിനിട്സ്</u>

ഓഫീസ് മീറ്റിംഗ്, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവയുടെ മിനിട്സ് പരിശോധിച്ചതിൽ ഇടയ്ക്കിടെയുള്ള പേജുകൾ ഒഴിച്ചിട്ടിരിക്കുന്നതായി കാണുന്നു. പല മീറ്റിംഗുകളുടെയും മിനിട്സ് പൂർണ്ണമായി രേഖപ്പെടുത്തിയിട്ടുമില്ല.

<u>സ്റ്റോക്ക് രജിസ്റ്ററുകൾ</u>

സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. വാങ്ങുന്ന സാധനങ്ങളുടെ എണ്ണം, കൈപ്പറ്റിയതിന്റെ വിവരം എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ ലഭ്യമല്ല. തെരുവുവിളക്ക് ഉപകരണങ്ങളുടെ രജിസ്റ്ററിൽ ഒരു ഇനത്തിന്റെ വിവരം പല പേജുകളിലായി രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ആകയാൽ നീക്കിയിരിപ്പ് എത്രയെന്ന് വ്യക്തമല്ല. കേടായതും ഇളക്കി മാറ്റാവുന്നതുമായ തെരുവുവിളക്ക് ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുന്നുമില്ല.

<u>പദ്ധതി നിർവ്വഹണം</u>

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികളിൽ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ചിട്ടില്ല. ഓരോ പദ്ധതിയുടെയും ചെലവിനാധാരമായ രേഖകൾ കൃത്യമായി ഒന്നിച്ച് അടുക്കി സൂക്ഷിക്കേണ്ടതാണ്.

ലൈഫ് ഭവനപദ്ധതി പ്രകാരമുള്ള നിർമ്മാണങ്ങളിൽ ഓരോ ഗഡു തുക അനുവദിക്കുമ്പോഴും സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണെന്നുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് മുഴുവൻ തുകയും അനുവദിച്ചിട്ടുള്ളത്.

മേൽ അപാകതകൾ പരിഹരിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 ലൈസൻസ് - അപാകതകൾ.

ലൈസൻസ് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൾ പൂർണ്ണമല്ല.

2017-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത്രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം

ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉല്പാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

2. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല.

2020-21 വർഷം ലൈസൻസ് നൽകിയത് 130 സ്ഥാപനങ്ങൾക്കാണ്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 113 സ്ഥാപനങ്ങൾ ആണുള്ളത്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

3. ലൈസൻസ് എടുക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവ്.

| വർഷം | ലൈസൻസ് എടുത്തവരുടെ എണ്ണം |
|---|---|
| 2018-19 | 196 |
| 2019-20 | 195 |
| 2020-21 | 130 |
| 2021-22 | 148 |

4. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് – ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ലഭ്യമാക്കിയ ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ള 1 മുതൽ 25 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷം ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | 2/196D, 196 E | ദാറുസ്വാലിഹ | ചിറ്റൂർ എന്റർപ്രൈസസ് |
| 2 | 11/277A- 277E | എ സലീം | മാസ് കാഷ്യൂസ് |
| 3. | 1/822 | വിഷ്ണു ശരൺ | കളഭം എന്റർപ്രൈസസ് |
| 4. | 3/704 ABC | സഫീർഖാൻ | ഖാൻ ഗിഫ്റ്റ് പാർക്ക്. |
| 5. | 16/122F | പ്രശാന്തൻ | വിഷ്ണു സ്റ്റീൽ ഫർണിച്ചർ |

5. 1994- കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക്

ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിച്ചിട്ടുള്ള 1855 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 130 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലുള്ള 19 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പ് വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. 2017-ൽ കേരള പഞ്ചായത്ത്‌രാജ് (അപകടകരമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കുമുള്ള ലൈസൻസ്) ചട്ടങ്ങൾ പരിഷ്കരിച്ചതിനാൽ ഗണ്യമായ വരുമാന വർദ്ധനവ് ഈയിനത്തിൽ ഉണ്ടാകേണ്ടതാണ്. ഫീൽഡ് പരിശോധനയിലെ പിഴവാണ് വരുമാനച്ചോർച്ചയ്ക്ക് കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രാദേശിക പരിശോധനയിലൂടെ കൃത്യമായ ഡിമാന്റ് നിർണയിച്ച് വരുമാന നഷ്ടം ഉണ്ടാവുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 03/20-21, തീയതി 10.05. 22) പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതുമാണ് എന്ന് മറുപടി ലഭ്യമാക്കി.

## 1-11-1 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2020-21 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019-ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 03/20-21, തീയതി 10.05.22) മറുപടിയായി കടകളുടെ വിവരം ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-2 കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത്‌രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലു വച്ച് മറച്ചതും ഈച്ച, പ്രാണികൾ എന്നിവ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994-ലെ കേരള പഞ്ചായത്ത്‌രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു.പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം.66771/ഡി ബി 2/09/തസ്വഭവ, തീയതി 08-01-2010, സർക്കുലർ നം.25533/ഡി ബി 2/12/തസ്വഭവ, തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്. പാങ്ങോട് പഞ്ചായത്തിലെ 2020-21 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇറച്ചിക്കടകൾ ഇല്ല. എന്നാൽ പരിശോധനയിൽ ഇത്തരത്തിലെ ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ ആകെ 24 ഇറച്ചിക്കടകൾ ഉണ്ടെന്നും അവയിൽ ചിലതിന് 2021-22 വർഷം ലൈസൻസ് നൽകിയിട്ടുണ്ടെന്നും മറ്റുള്ളവയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 03/20-21, തീയതി 10.05. 22) മറുപടി നൽകി.

കൂടാതെ ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം

നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്.

## 1-12 സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നടപടി ഇല്ല.

2020-21 ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ ഒരു ക്വാറി പ്രവർത്തിക്കുന്നുണ്ട്. സത്യം ക്വാറി ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് (നമ്പർ പി 19263/17, തീയതി 21/03/2018) പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) സി.എസ്.ആർ (Corporate Social Responsibility) പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തണമെന്നതായിരുന്നു പരിസ്ഥിതി ക്ലിയറൻസ് നൽകുന്നതിനുള്ള ഒരു നിബന്ധന. ക്വാറിയിൽ നിന്നു പൊട്ടിക്കുന്ന ഓരോ ടൺ കല്ലിനും പത്ത് രൂപാ നിരക്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ചെലവ് ചെയ്യണമെന്നതാണ് നിബന്ധന. പ്രസ്തുത തുക പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കണമെന്നും നിർദ്ദേശിക്കുന്നു.

| ലൈസൻസ് രജിസ്റ്റർ നം | സ്ഥാപനം/ഉടമ | പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം. |
|---|---|---|
| 1 | തുളസീധരൻ എസ്, സത്യാസ് കല്ലറ | നമ്പർ പി 19263/17, തീയതി 21/03/2018 |

മേൽ സ്ഥാപനം സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിശദാംശം, മോണിറ്റർ ചെയ്തതിന്റെ വിശദാംശം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 03/20-21, തീയതി 10.05.22) ക്വാറി ഉടമയ്ക്ക് കത്ത് നൽകി സി എസ് ആർ പ്രവർത്തനങ്ങൾ പഞ്ചായത്തുമായി ചേർന്ന് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകി.

## 1-13 തൊഴിൽ നികുതി - പിരിവിലെ അപാകതകൾ.

1. സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22.01.2019-ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുവാൻ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് നടപടി സ്വീകരിച്ചിട്ടില്ല. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ വിഷയം സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും 2020-21 വർഷത്തിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

2. 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

I) മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തു പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ യാതൊരുവിധ നടപടികളും പഞ്ചായത്തധികൃതർ സ്വീകരിച്ചിട്ടില്ല.

Ii) ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം കരാർ ജോലികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 6/2020-21, തീയതി 11.05.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-13-1 തൊഴിൽ നികുതി /സ്ഥാപന നികുതി ഒടുക്കിയില്ല.

പഞ്ചായത്തിൽ പരിപാലിക്കുന്ന രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി/ സ്ഥാപന നികുതി ഒടുക്കിയതിന്റെ വിശദാംശം ലഭ്യമല്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|

| | |
|---|---|
| 1 | റബ്ബർ ബോർഡ് |
| 2 | ശിവക്ഷേത്രം ഭരതന്നൂർ |
| 3 | ഐശ്വര്യ ഫിനാൻസ് |
| 4 | അഹിലാ ഫ്യൂവൽസ് |
| 5 | മോഡൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ |
| 6 | എം ഇ എം പി എസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ |
| 7 | ക്ഷീരസംഘം മൈലമൂട് |
| 8 | ക്ഷീരസംഘം ഭരതന്നൂർ |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ് |
| 10 | മിനി മുത്തൂറ്റ് ഭരതന്നൂർ |
| 11 | മണപ്പുറം ഫിനാൻസ് |

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 6/2020-21, തീയതി 11.05.2022) തുക ഒടുക്കാനുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി അവ ഒടുക്ക് വരുത്തുന്ന മുറയ്ക്ക് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

## 1-14 വാടക പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 27 കടമുറികൾ വാടകയ്ക്ക് നൽകാൻ ഉപയുക്തമായിട്ടുള്ളതിൽ 2020-21 വർഷം 17 മുറികൾ വാടകയ്ക്ക് നൽകി. വാടക രജിസ്ററർ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | മാസവാടക | അടവാക്കാനവശേഷിക്കുന്ന മാസങ്ങൾ |
|---|---|---|---|---|
| 1 | റൂം നം. IX, പാങ്ങോട് | വിജയകുമാർ | 7524 | ഒക്ടോബർ 20 – മാർച്ച് 21 |
| 2 | റൂം നം. XI, പാങ്ങോട് | ഷഹർബാൻ | 5325 | ജനവരി21 - മാർച്ച് 21 |
| 3 | റൂം നം XiV പാങ്ങോട് | അബ്ദുൾ ഹക്കീം | 4630 | സെപ്റ്റംബർ 20- മാർച്ച് 21 |
| 4 | റൂം നം XV പാങ്ങോട് | സജിത്ര | 3820 | സെപ്റ്റംബർ 20 – മാർച്ച് 21 |
| 5 | റൂം നം VII ഭരതന്നൂർ | സഫീറുദ്ദീൻ | 4063 | സെപ്റ്റംബർ 20 – മാർച്ച് 21 |
| 6 | റൂം നം VIII ഭരതന്നൂർ | സഫീറുദ്ദീൻ | 2252 | സെപ്റ്റംബർ 20 – മാർച്ച് 21 |

വാടകയിനത്തിൽ കുടിശ്ശികയായ തുക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/2020-21, 13.05.2022) മേൽ വ്യക്തികൾക്ക് നോട്ടീസ് നൽകിയിരുന്നുവെന്നും ആയതിന് ശേഷവും കുടിശ്ശിക തുക ഒടുക്കാത്തവർക്കെതിരെ തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-15 വസ്തു നികുതി

വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതി - പഞ്ചായത്ത്‌രാജ് ചട്ടങ്ങൾ പാലിക്കുന്നില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷൻ, 2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം, (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2-ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദവിവരങ്ങൾ/ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശനം നടത്തി വസ്തു നികുതി കണക്കാക്കിയ ജീവനക്കാർ തയ്യാറാക്കിയ ഫാറം 6 ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 49 /20-21) മറുപടി ലഭ്യമാക്കാത്തതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണയത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല.

2. മേഖല വിഭജനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയില്ല.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പാങ്ങോട് ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ മാപ്പ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് ആരാഞ്ഞ് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ 49 /20-21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

3. കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്തിരിക്കുന്ന വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 19/140 | നിസാറുദ്ദീൻ എ (ആമിന മൻസിൽ, പഴവിള, പാങ്ങോട് | പാർപ്പിടാവശ്യം | താഴത്തെ നില (65 ച മീ ) |
| 2 | 19/200 | സരസ്വതി, കാവുവിളവീട് പാങ്ങോട്, കല്ലറ | പാർപ്പിടാവശ്യം | താഴത്തെ നില (63 ച മീ ) |

| | | | | |
|---|---|---|---|---|
| 3 | 7/241 | ഗോപിനാഥൻ പിള്ള (മണികണ്ഠ വിലാസം, കരിങ്ങട, ഭരതന്നൂർ) | പാർപ്പിടാവശ്യം | താഴത്തെനില (63 ച മീ) |
| 4 | 15/367 | ജയാദേവി വിഷ്ണുഭവൻ, കാഞ്ചിനട, | പാർപ്പിടാവശ്യം | താഴത്തെ നില (75 ച മീ ) |

4. ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

താഴെപ്പറയുന്ന ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl.No | Building ID | Door NO | Owner Name | Owner Address | Total Arrear |
|---|---|---|---|---|---|
| 1 | 50251010012067 | | ഡെപ്യൂട്ടി ജനറൽ മാനേജർ, | ബി എസ് എൻ എൽ മൊബൈൽ സർവിസസ് | 2013-2022 36100 |
| 2 | 50251010010113 | 2/579 | റിലയൻസ് ജിയോ ഇൻഫോം ലിമിറ്റഡ്, | റിലയൻസ് കോർപ്പറേറ്റ് പാർക്ക്, ഗ്രൗണ്ട് ഫ്ളോർ, എംഎബി, എസ്- റ്റി റ്റി സി ഇൻഡസ്ട്രീസ് ഏരിയ, ഗൻസോളി, നാവി മും | 2020-2022 18900 |
| 3 | 50251010010182 | 3/974 | മാനേജർ,ഇൻഡസ് ടവർസ് ലിമിറ്റഡ് | 8th ഫ്ലോർ, വെങ്കാരത് ടവർ, നിയർ എൻ. എച് ബൈപാസ്, പാലാരിവട്ടം | 2013-2022 34650 |
| 4 | 50251010010186 | 3/975 | മാനേജർ, | എയർസെൽ ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ്, ആർ ആർ ആർകൈവ്സ്, വൈറ്റില, | 2017-22 34020 |
| 5 | 50251010011434 | 3/976 | മാനേജർ, ഇൻഡസ് ടവർസ് ലിമിറ്റഡ് (ഐഡിയ) | ഫ്ലോർ 4 ടവർസ് 10 എ.ഡി.എൽ.എഫ് സൈബർ സിറ്റി, ഗാർഗോൺ | 2020-22 17010 |
| 6 | 50251010012068 | 4/537 / A | ഡെപ്യൂട്ടി ജനറൽ മാനേജർ, | ബി എസ് എൻ എൽ മൊബൈൽ സർവിസെ സ്; ബി എസ് എസ് ; ആർ റ്റി റ്റി സി കോംപ്ലക്സ്, കൈമനം തിരുവനന്തപുരം 40, കരമന | 2013-22 56700 |

5. വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത.

സ.ഉ(കൈ)നം.106/17/തസ്വഭവ, തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31-ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടിക പൂർണ്ണമല്ല.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് , വിലാസം |
|---|---|---|
| 1 | 7/398 | ശാന്തകുമാർ, കാർത്തിക ഭവൻ, വലിയവയൽ, മൈലമൂട് |
| 2 | 18/298A | ബുഹാറുദീൻ, പഴവിള വീട്, പാങ്ങോട്, പാങ്ങോട് |
| 3 | 18/322 | ബേബിഗിരിജ, അഭിലാഷ് ഭവൻ, കടുമാങ്കുഴി, പാങ്ങോട് |

## 1-16 ക്ഷീര സമൃദ്ധി- പാലിന് സബ്സിഡി ചെലവ് രേഖകൾ ഹാജരാക്കിയില്ല. 2,32,206/-രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0067/21 |
| പ്രോജക്ടിന്റെ പേര് | ക്ഷീര സമൃദ്ധി- പാലിന് സബ്സിഡി |
| അടങ്കൽ | 1800000<br>(വികസന ഫണ്ട്-ജനറൽ 600000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 600000, ജില്ലാ പഞ്ചായത്ത് വിഹിതം 600000) |
| ചെലവ് | 826821 (വികസന ഫണ്ട്-ജനറൽ 594615, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 155895, ജില്ലാ പഞ്ചായത്ത് വിഹിതം 76311) |
| ബിൽ നമ്പർ | 12 മുതൽ 18 വരെയുള്ള ബില്ല് പ്രകാരം 594615 |
| നിർവ്വഹണം | ഡെയറി ഫാം ഇൻസ്ട്രക്ടർ |

ഗ്രാമപഞ്ചായത്തിൽ വസിക്കുന്ന ക്ഷീരകർഷകർക്ക് (ഗ്രാമസഭയിൽ ഉൾപ്പെട്ട) സംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും പരമാവധി 4 രൂപയുടെ സബ്സിഡി ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിനായിരുന്ന പദ്ധതി തയ്യാറാക്കിയത്. 2020 ഏപ്രിൽ 1 മുതൽ 2021 ഫെബ്രുവരി 28 വരെ ക്ഷീര സംഘത്തിൽ അളക്കുന്ന പാലിന് പരമാവധി 40,000/-രൂപയുടെ സബ്സിഡി. പ്രസ്തുത പ്രോജക്ട് പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 6,00,000/-രൂപയിൽ 1,55,895/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതമായ 6,00,000/- രൂപയിൽ 76,311/-രൂപയും ചെലവ് ചെയ്തതായി സുലേഖ പത്രിക പ്രകാരം വ്യക്തമാണ്. എന്നാൽ അവയുടെ ചെലവ് സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 45/2020-21, തീയതി 19.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ജില്ലാ/ബ്ലോക്ക് വിഹിതമിനത്തിൽ ചെലവായ 2,32,206/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - നടത്തിപ്പിലെ അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0045/21 |
| പ്രോജക്ടിന്റെ പേര് | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 205200<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 205200/- |
| ബിൽ നമ്പർ | 07/15-02-2021, 107000/-രൂപ<br>09/16-03-2021, 98200/-രൂപ |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. 20 വിദ്യാർത്ഥികൾക്കാണ് ഈ ആനുകൂല്യം 20-21 വർഷം ലഭിച്ചിട്ടുള്ളത്. മേൽ പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ (കൈ) നമ്പർ 22/ 2018 തസ്വഭവ, തീയതി 14.02.2018, ഖ 7.1.6 പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായങ്ങൾ സംബന്ധിച്ച് വിവിധ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് നൽകേണ്ടതായ തുകയുടെ വിശദാംശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, വൊക്കേഷണൽ പരിശീലനം എന്നിവയിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000/- രൂപയും വാർഷിക ബത്തയായി യഥാക്രമം 1000, 1000, 1500 എന്നിവയും അർഹതയുണ്ട്. എന്നാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് പരമാവധി 10,910/- രൂപയാണ് നൽകിയിട്ടുള്ളത്. ഇത്തരത്തിൽ സ്കോളർഷിപ്പ് തുകയിൽ കുറവുണ്ടാകാനിടയായ സാഹചര്യം സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 30/2020-21, 16.05.2022 ) മറുപടിയായി പഞ്ചായത്ത് വിഹിതം മാത്രം ഉണ്ടായിരുന്നതിനാലാണ് ഇത്തരത്തിൽ തുക വിതരണം ചെയ്തത് എന്ന് വിശദീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പിന്റെ 21.04.21-ലെ ഡി എ 1/401/2019-നം. സർക്കുലർ പ്രകാരം പദ്ധതിയ്ക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്. സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ടവരെന്ന നിലയിൽ ഭിന്നശേഷിക്കാർക്ക് അർഹമായ മുഴുവൻ തുകയും വകയിരുത്തി പ്രോജക്ട് രൂപീകരിക്കേണ്ടതിലേക്ക് ഭരണ നിർവ്വഹണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. അപേക്ഷകൾ അപൂർണ്ണമാണ്. അപേക്ഷകർ വിദ്യാർത്ഥികളാണ് എന്ന് തെളിയിക്കുന്നതിനായി പഠിക്കുന്ന സ്ഥാപനത്തിലെ പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലെ സാക്ഷ്യപ്പെടുത്തലിനു പകരം വേറെ സ്കോളർഷിപ്പ് വാങ്ങുന്നു / വാങ്ങുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിക്കവാറും അപേക്ഷകളിൽ സ്കോളർഷിപ്പ് വാങ്ങുന്നു / വാങ്ങുന്നില്ല എന്ന ഭാഗത്ത് രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

3. മേൽ പദ്ധതിയുടെ ഗുണഭോക്താവായ ശരണ്യ.പി-യുടെ അപേക്ഷയിൽ പഠിക്കുന്ന സ്ഥാപനം യൂണിവേഴ്സിറ്റി കോളേജ്, ബി എ ഹിസ്റ്ററി എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 17.08.2016 ലെ, 2465/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മുഴുവൻ ഭിന്നശേഷിക്കാരുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സൂക്ഷിക്കേണ്ടതാണ്. കൂടാതെ സ.ഉ (കൈ) നമ്പർ 22/ 2018 തസ്വഭവ, തീയതി 14.02.2018 ഖ 7.1.1 പ്രകാരം ഭിന്നശേഷിക്കാരായവരുടെ ഡേറ്റാ ബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട നടപടികൾ സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഗ്രാമപഞ്ചായത്തുകൾക്ക് സ്വീകരിക്കാമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 30/2020-21, 16.05.2022 ) മറുപടിയായി രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു.

## 1-18 അനുപൂരക പോഷകാഹാര പദ്ധതി - സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി 2020-21 വർഷം നടപ്പാക്കിയ അനുപൂരക പോഷകാഹാര പദ്ധതി ജനറൽ, എസ് സി പി എന്നിവ പ്രകാരം 28,00,000/-രൂപ അടങ്കൽ വയ്ക്കുകയും 25,74,845/-രൂപ ചെലവ് ചെയ്യുകയും ചെയ്തു. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ മെയിൻ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടു. ഭക്ഷണ സാധനങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അവയുടെ സ്റ്റോക്ക് പേപ്പറിൽ രേഖപ്പെടുത്തി അങ്കണവാടികൾക്ക് വിതരണം ചെയ്യുകയാണ് നിലവിൽ ചെയ്യുന്നത്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I-ലെ ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ കൈപ്പറ്റുവാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇത്തരത്തിൽ വസ്തുക്കൾ സ്റ്റോക്കിലെടുക്കാതെ വിതരണം ചെയ്തതിനുണ്ടായ സാഹചര്യം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 33/2020-21, 9.05.2022) കോവിഡ് സാഹചര്യമായതിനാലാണ് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാത്തതെന്നും അടിയന്തിരമായി സ്റ്റോക്ക് രജിസ്റ്റർ പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പോഷകാഹാര പദ്ധതിയ്ക്കായി സ്റ്റോക്ക് രജിസ്റ്റർ പാലിക്കുന്നതിന് അതീവ ശ്രദ്ധ നൽകേണ്ടതാണ്.

## 1-19 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - നടത്തിപ്പിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0044/21 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 1482000<br>(വികസന ഫണ്ട്-ജനറൽ 741000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 370500, ജില്ലാ പഞ്ചായത്ത് വിഹിതം 370500) |
| ചെലവ് | 1111500/- (വികസന ഫണ്ട്-ജനറൽ 741000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 370500) |
| ബിൽ നമ്പർ | 04/29-01-2021, 598000/-രൂപ<br>08/16-03-2021, 143000/-രൂപ<br>10/16-03-2021, 356500/-രൂപ<br>14/27-03-2021, 14000/-രൂപ |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം 57 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ഒരു വിദ്യാർത്ഥിക്ക് 26,000/-രൂപ ലഭ്യമാകുന്ന തരത്തിൽ ആണ് പദ്ധതി രൂപീകരിച്ചത്. പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഓഡിറ്റ് വർഷം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്നിങ്ങനെ പ്രോജക്ട് നമ്പർ 44/2021, 45/2021 പ്രകാരം പദ്ധതി ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 17.08.2016-ലെ 2465/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മുഴുവൻ ഭിന്നശേഷിക്കാരുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സൂക്ഷിക്കേണ്ടതാണ്. അപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചു നല്കി. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. വിതരണം സംബന്ധിച്ച വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത് വിഹിതം 3,70,500/-രൂപ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 36/2020-21, 17.05.2022) ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചിട്ടില്ല എന്ന് മറുപടി ലഭിച്ചു. തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പിന്റെ 21.04.21-ലെ ഡി എ 1/401/2019-നം. സർക്കുലർ പ്രകാരം പദ്ധതിയ്ക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

3) 57 വിദ്യാർത്ഥികൾക്ക് 26,000/-രൂപ സ്കോളർഷിപ്പ് നൽകുന്നതിനായാണ് പ്രോജക്ട്. ഗ്രാമപഞ്ചായത്ത് വിഹിതമായി 13,000/-രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 6500/-രൂപയും അപ്രകാരം 19,500/-രൂപ. ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാൽ പരമാവധി 19,500/- രൂപയാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. പ്രോജക്ട് പരിശോധിച്ചതിൽ 46 പേർക്ക് 20750/- (13000+ 7750), 10 പേർക്ക് 13000/-, ഒരാൾക്ക് 20000/- ( 13000+ 7000 ), ഒരാൾക്ക് 7000/- എന്നിങ്ങനെയാണ് തുക നൽകിയിട്ടുള്ളത്. 19500/-രൂപ ഒരാൾക്ക് നൽകേണ്ടിടത്ത് 20750/-രൂപ നൽകാനിടയായ സാഹചര്യം വ്യക്തമല്ല. ആകെ 58 പേർക്കാണ് നിലവിൽ ആനുകൂല്യം നൽകിയത്. 25.01.19- ലെ ഡി എ 1/19/2019 നം. സർക്കുലർ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മുഴുവൻ സ്കോളർഷിപ്പും ബത്തയും എല്ലാ മാസവും കൃത്യമായി നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ മുഖേന പഞ്ചായത്തിന് കൈമാറേണ്ടതും മതിയായ തുക മാറ്റിവെക്കുന്നുണ്ടെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള മേൽനോട്ടം നിർവ്വഹണോദ്യോഗസ്ഥ നിർവ്വഹിച്ചിട്ടില്ല. കൂടാതെ ഓഡിറ്റ് എൻക്വയറിക്ക് (നം 36/2020-21, 17.05.2022) ആദ്യം അപേക്ഷിച്ച 46 പേർക്ക് പരമാവധി തുക ലഭിക്കുന്ന രീതിയിലാണ് തുക നൽകിയതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല.

സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ടവരെന്ന നിലയിൽ ഭിന്നശേഷിക്കാർക്ക് അർഹമായ മുഴുവൻ തുകയും വകയിരുത്തി പ്രോജക്ട് തയ്യാറാക്കുന്നതിന് ഭരണ- നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

1-20 ഭരതന്നൂർ എൽ.പി.എസ്-സ്മാർട്ട് ക്ലാസ്റൂം ആക്കുന്നതിനുവേണ്ടിയുള്ള വൈദ്യുതീകരണം - എഗ്രിമെന്റ് വയ്ക്കാത്ത കരാറുകാരന്റെ നിരതദ്രവ്യം തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല.

| | |
|---|---|
| പ്രോജക്ട് നം. | 202 |
| പേര് | ഭരതന്നൂർ എൽ.പി.എസ്-സ്മാർട്ട് ക്ലാസ്റൂം ആക്കുന്നതിനു വേണ്ടിയുള്ള വൈദ്യുതീകരണം |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് 300479/- |
| ചെലവ് | 296465/- |
| ബിൽ നം | 48/11.11.2020 |
| എം.ബുക്ക് നം | 197/7.9.2019 |
| കരാറുകാരൻ | സുഭാഷ്.കെ |
| സാങ്കേതികാനുമതി നം. | 02/EE/LSGD/Ele/18-19 |
| എഗ്രിമെന്റ് നം. | 03/AE/LSGD/PGD/2020-21/6.5.2020 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

ഭരതന്നൂർ എൽ.പി.എസ്-സ്മാർട്ട് ക്ലാസ്റൂം ആക്കുന്നതിനു വേണ്ടിയുള്ള വൈദ്യുതീകരണത്തിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ ആദ്യ ടെണ്ടർ സിംഗിൾ ടെണ്ടർ ആയിരുന്നതിനാൽ റീടെണ്ടർ ചെയ്തിട്ടുണ്ട്. റീടെണ്ടറിൽ 16.2% കുറവ് ക്വാട്ട് ചെയ്തിരുന്ന ശ്രീ.എസ്.രാമചന്ദ്രൻപിള്ളയുടെ ടെണ്ടർ അംഗീകരിച്ച് 8.11.2019-ൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ശ്രീ.രാമചന്ദ്രൻപിള്ള എഗ്രിമെന്റ് ചമച്ചിട്ടില്ല. പൊതുമരാമത്ത് മാന്വൽ ചട്ടം 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് നൽകിയിട്ടും കരാർ വയ്ക്കാത്ത വ്യക്തിയുടെ നിരതദ്രവ്യം തനതുഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.21-ന് തനതുഫണ്ടിൽ മുതൽ കൂട്ടി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-21 കരാർ വയ്ക്കാൻ കാലതാമസം- പിഴ ഈടാക്കിയില്ല.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമയ്ക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/-രൂപ, പരമാവധി 25,000/-രൂപ) കരാർ ചമയ്ക്കാവുന്നതാണ്. കരാർ വയ്ക്കുന്നതിന് കാലതാമസം വരുത്തിയ താഴെപ്പറയുന്ന കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.

| പ്രോജക്ട് നം. പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ വച്ച തീയതി, തുക | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| SOO111/21 പാലമുക്ക് കാണിക്കപ്പെട്ടി റോഡ് കോൺക്രീറ്റിംഗ് | വിപിൻ.പി.വി | 6.8.2020 | 20.8.2020 | 9.9.2021, 395967.80/- | 3960 |
| 90/20-21 കാഞ്ചിനട പുത്തൻവിള റോഡ് മെയിന്റനൻസ് | സജിം.എ | 6.8.2020 | 20.8.2020 | 7.9.2020, 82070/- | 1000 |
| | | | | ആകെ | 4960/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.27-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 പ്രോജക്ടുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ, തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കും മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2-ലും പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് രൂപീകരണത്തിൽ സ്ഥലപരിശോധനയുടെ അഭാവത്താൽ 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ നിരവധി എണ്ണത്തിന്റെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | മാറ്റം വരുത്തുന്നതിന് രേഖപ്പെടുത്തിയിരിക്കുന്ന കാരണം |
|---|---|---|---|
| 1 | 235 | വലിയവേങ്കാട് കോളനി നടപ്പാത | നടപ്പാത കുത്തനെ ഇറക്കമുള്ളത് ആയതിനാൽ പ്രൊഫൈൽ കറക്ട് ചെയ്ത് ഇരുവശവും പാർശ്വഭിത്തി കെട്ടി ഉറപ്പിച്ചതിനുശേഷം മാത്രമേ പടിക്കെട്ടുകൾ കോൺക്രീറ്റ് ചെയ്യാൻ സാധിക്കുകയുള്ളുവെന്നും അതിനുവേണ്ട ഐറ്റംസ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അത് ഉൾപ്പെടുത്തുന്നതിന് വേണ്ടി |
| 2 | 100 | ചന്തക്കുന്ന് ലക്ഷംവീട് റോഡ് കോൺക്രീറ്റിംഗ് | സൈഡ്കെട്ടിന്റെ അളവ് കുറവായതിനാൽ സേവിംഗ്സ് ഉൾപ്പെടുത്തി കൂടുതൽ ദൂരം കോൺക്രീറ്റ് ചെയ്യുന്നതിന് |
| 3 | 236 | അയിരൂർ പൂലോട് റോഡ് സൈഡ് വാൾ നിർമ്മാണം | നിലവിലെ സൈഡ് കെട്ട് ചില ഭാഗങ്ങളിൽ പൊളിച്ച് പുനർനിർമ്മാണം നടത്തേണ്ടി വന്നിട്ടുള്ളതിനാലും ഡിപ്പാർട്ടുമെന്റ് മെറ്റീരിയൽ ലഭിച്ചിട്ടുള്ളതിനാലും ആയത് എസ്ററിമേറ്റിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി റിവൈസ് ചെയ്യുന്നതിന് |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.21-ന് സിവിൽ എഞ്ചിനീയറിംഗ് വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സ്ഥലപരിശോധനയിൽ കൂടി ആണെങ്കിലും നിർവ്വഹണ വേളയിൽ ഉണ്ടാകുന്ന പ്രതീക്ഷിക്കാത്ത സാഹചര്യങ്ങൾക്ക് അനുസരിച്ച് പദ്ധതി സാങ്കേതിക മേന്മയോടെ നടപ്പാക്കുന്നതിലേയ്ക്ക് ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി നടപ്പിലാക്കേണ്ടി വരുന്നതായും അതിനു ചട്ടപ്രകാരം വേണ്ട നടപടിക്രമങ്ങൾ പാലിച്ചാണ് നടപടി എടുത്തിട്ടുള്ളതെന്നും ഭാവിയിൽ എസ്റ്റിമേറ്റ് റിവിഷൻ ചെയ്യേണ്ട സാഹചര്യം ഒഴിവാക്കാൻ പരാമാവധി ശ്രമിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പൊതുമരാമത്ത് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പ്രവ്യത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018-ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. താഴെപ്പറയുന്ന പ്രവ്യത്തികളിലൊന്നും തന്നെ കരാർ കാലാവധി നീട്ടിക്കിട്ടാൻ കരാറുകാരൻ അപേക്ഷ നൽകിയത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവ്യത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | | |
|---|---|---|
| ക്രമ നം. | പ്രോജക്ട് നം. | ഈടാക്കേണ്ട തുക |
| 1 | പ്രോജക്ട് നം. 203<br>പേര്- ബഡ്സ് സ്കൂൾ പണി പൂർത്തീകരണം<br>അടങ്കൽ- 2,34,953/-<br>കരാറുകാരൻ-അനീഷ് ബാബു.എസ്<br>എം.ബുക്ക് നം.- 192/7.9.2019<br>ചെലവ് തുക- ചെക്ക് നം. 464280/4.2.2021- 191570/-<br>കരാർ തുക- 2,09,744.96/-<br>പ്രവ്യത്തി പൂർത്തീകരിക്കേണ്ട കാലയളവ്- 3 മാസം<br>എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്-20.01.2020<br>പ്രവ്യത്തി പൂർത്തീകരിച്ചത്- 12.07.2020 | കാലതാമസം- 72 ദിവസം<br>അനുവദനീയമായ ഗ്രേസ് ടൈം (എഗ്രിമെന്റ് പ്രകാരം) 20%=90X20%=18<br>ഗ്രേസ് പീരിയഡ് കഴിഞ്ഞശേഷമുള്ള കാലയളവ്-54 ദിവസം<br>ആദ്യത്തെ 54 ദിവസത്തേയ്ക്ക് ഈടാക്കേണ്ട പിഴ=209744.96X54/90x1%=1258/- |
| 2 | പ്രോജക്ട് നം. 123<br>പേര്- വണ്ടികിടക്കും പൊയ്ക ശിവക്ഷേത്രം റോഡ് റീടാറിംഗം | കാലതാമസം- 52 ദിവസം<br>അനുവദനീയമായ ഗ്രേസ് ടൈം (എഗ്രിമെന്റ് പ്രകാരം) 20% = 90 X 20% = 18 |

| | | |
|---|---|---|
| | സൈഡ് കോൺക്രീറ്റിംഗും<br>അടങ്കൽ- മെയിന്റനൻസ് ഫണ്ട് (റോഡ്) 9,59,900/-<br>കരാറുകാരൻ-സുനിൽലാൽ. എസ്<br>എം.ബുക്ക് നം.- 638/4.1.2019<br>551/7.11.2018<br>ചെലവ് തുക- ബിൽ നം.63/3.2.2021<br>കരാർ തുക-9,69,081.65/-<br>പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് - 3 മാസം<br>എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് – 06.02.2019<br>പ്രവൃത്തി പൂർത്തീകരിച്ചത്- 28.06.2019 | ഗ്രേസ് പീരിയഡ് കഴിഞ്ഞശേഷമുള്ള കാലയളവ് – 34<br>ആദ്യത്തെ 34 മാസത്തേയ്ക്ക് ഈടാക്കേണ്ട പിഴ = 969081.65 X 34/90 X 1% = 3661/- |
| | ആകെ | 4919/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.26-ന കോവിഡ് കാരണം ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാലാണ് ബഡ്സ് സ്കൂൾ പണി പൂർത്തീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കാത്തതെന്നും പ്രോജക്ട് നം.123 എന്ന പദ്ധതി ആരംഭിച്ചത് 06.05.2019ൽ ആണെന്ന് കംപ്ളീഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തി കാണുന്നുവെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005 പ്രകാരം പൂർത്തീകരണകാലാവധി എഗ്രിമെന്റ് വച്ച് സൈററ് കൈമാറുന്ന തീയതി മുതൽക്കാണ് കണക്കാക്കുന്നത് എന്നതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-24 പാങ്ങോട് മാർക്കറ്റിൽ തുമ്പൂർ മൂഴി സ്ഥാപിക്കൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | 262 |
| പേര് | പാങ്ങോട് മാർക്കറ്റിൽ തുമ്പൂർമൂഴി സ്ഥാപിക്കൽ |
| അടങ്കൽ | കേന്ദ്രാവിഷ്കൃത ഫണ്ട് - 250000/- |
| ചെലവ് | 190894/- |
| ചെക്ക് നം | 464281/9.2.2021 |
| എം.ബുക്ക് നം | 354/5.8.2020 |
| കരാറുകാരൻ | ഷിയാസ്.എച്ച് |
| എഗ്രിമെന്റ് നം. | 57/AE/LSGD/Pgd/19-20/4.2.2020 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 0.2% കുറവ് നിരക്കിൽ പ്രവൃത്തി ചെയ്തിട്ടുള്ള കരാറുകാരന് യഥാർത്ഥത്തിൽ നൽകേണ്ടതിനേക്കാൾ കൂടുതൽ തുക നൽകിയതായി കാണുന്നു.

| എം. ബുക്ക് പ്രകാരം നൽകിയതായി രേഖപ്പെടുത്തിയ തുക |
|---|
| M Book ലെ രേഖപ്പെടുത്തൽ പ്രകാരം<br>എം.ബുക്ക് പ്രകാരമുള്ള പ്രവൃത്തി മൂല്യം- 167810.69<br>L.S- 5000(as Per Bill No. 523&bill No.236)<br>കൂട്ടുക- 167811+5000=172811<br>Without L.S- 167811<br>Tender Below @0.2%- 336<br>കുറയ്ക്കുക- 167811-336= 167475<br>Gst Provision @12%= 20097<br>Total- 192572<br>Deduction- GST@2%- 3356<br>IT@1%- 1678<br>K,B..O.C W.W.board-1678-17=1661<br>To Contractor- 185860 |

എന്നാൽ ചെക്ക് നം.464281/9.2.2021 പ്രകാരം കരാറുകാരനായ ശ്രീ.ഷിയാസിന് 1,90,894/-രൂപ നൽകിയിട്ടുണ്ട്. ടിയാൻ 08.02.2021-ലെ കൈപ്പറ്റ് രസീത് പ്രകാരം 1,90,894/- രൂപ കൈപ്പറ്റിയിട്ടും ഉണ്ട്. കരാറുകാരന് അധിക തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2. 18.05.2022-ൽ സ്ഥലപരിശോധന നടത്തിയതിൽ തുമ്പൂർമൂഴി പ്രവർത്തനക്ഷമമായിട്ടില്ലായെന്ന് കാണുന്നു. അതിനു ചുറ്റും മാലിന്യം കുന്നുകൂട്ടിയിട്ടിരിക്കുന്നതായും കാണാൻ കഴിഞ്ഞു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.44-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുമ്പൂർമൂഴി പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് ചെയ്യേണ്ടതും കരാറുകാരന് അധിക തുക നൽകിയതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ്.

## 1-25 ഭരതന്നൂർ മാർക്കറ്റിൽ വനിതകൾക്ക് വേണ്ടിയുള്ള ടോയ്‌ലറ്റ്-അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം. | 109 |
| പേര് | ഭരതന്നൂർ മാർക്കറ്റിൽ വനിതകൾക്ക് വേണ്ടിയുള്ള ടോയ്‌ലറ്റ് |
| അടങ്കൽ | വികസനഫണ്ട് 549469/- |
| ചെലവ് | 549469/- |
| ബിൽ നം | 15/19.08.2020 |
| എം.ബുക്ക് നം | 182/2019-20/07.09.2019 |
| എഗ്രിമെന്റ് നം. | 49/AE/LSGD/PGD/2018-19/06.03.2019 |

| | |
|---|---|
| കരാറുകാരൻ | സന്തോഷ് കുമാർ.എസ് |
| സാങ്കേതികാനുമതി നം. | 69528/2018-19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

1. 2018-19ൽ 7,42,350/-രൂപ അടങ്കൽ ഉണ്ടായിരുന്ന പദ്ധതിയിൽ ശ്രീ.എസ്.സന്തോഷ് കുമാർ.എസ്, 6,59,597.43/-രൂപ (11.15% കുറവ്) നിരക്ക് ക്വാട്ട് ചെയ്യുകയും എഗ്രിമെന്റ് നം.49/AE/LSGD/PGD/2018-19/06.03.2019 പ്രകാരം കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. 01.01.2020-ൽ എ.ഇ കരാറുകാരന് നൽകിയ കത്തിൽ മേൽ പ്രവൃത്തി സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അത് ബോധ്യം വന്നിട്ടുള്ളതിനാൽ പ്രവൃത്തി അടിയന്തിരമായി നിർത്തിവയ്ക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ റിപ്പോർട്ടിൽ ടി പ്രവൃത്തിയിൽ വീണ്ടും ഗുണനിലവാരമില്ലാത്തതും തെരഞ്ഞെടുത്ത ബ്രാൻഡ് അല്ലാത്തതുമായ ടൈൽസ് പാകിയിരിക്കുന്നതായും അവധി ദിവസങ്ങളിൽ പണി തുടരുകയും ആവശ്യമായ കനത്തിലുള്ള മോർട്ടാർ ഉപയോഗിക്കുകയും ചെയ്തിട്ടില്ലായെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 20.01.2020-ൽ എ.ഇ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ കരാറുകാരന്റെ മേൽ പ്രവൃത്തികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് പദ്ധതി ഗുണനിലവാരത്തിൽ നടപ്പിലാക്കുന്നതിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനാൽ പദ്ധതികൾ മോണിറ്ററിംഗ് സമിതി അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന് മേൽ പഞ്ചായത്ത് ഭരണസമിതിയുടെ തുടർ നിർദ്ദേശാനുസരണം നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ട് നിർദ്ദേശങ്ങൾ അല്ലാതെ ഏതെങ്കിലും പ്രോജക്ട് മോണിറ്റർ ചെയ്തതായി കാണുന്നില്ല. എ.ഇ, കരാറുകാരന് നൽകിയ കത്തിൽ നിർവഹിക്കുന്ന പ്രവൃത്തികൾ നിർത്തിവച്ച് നാളിതുവരെ ഒട്ടിച്ച ടൈലുകൾ കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്തത്തിൽ നീക്കം ചെയ്ത് 12mm കനത്തിൽ കുറയാതെ സിമന്റ് മോർട്ടറിൽ ഓവർസിയറുടെ മേൽനോട്ടത്തിൽ മാത്രം നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓവർസിയറുടെ 3.2.2020-ലെ റി 49/AE/LSGD/18-19/6.3.2019 പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയും 30.3.2020-ലെ 5(1) തീരുമാനപ്രകാരം പ്രോജക്ട് റിവൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, ഭരണസമിതി തീരുമാനം എന്നിവ കൂടാതെ കരാറുകാരന് ബിൽ തുക മാറി നൽകിയതിന്റെ കാരണം വ്യക്തമല്ല.

2. പ്രോജക്ട് റിവൈസ് ചെയ്തതിന്റെ കംപാരിറ്റീവ് സ്റ്റേറ്റുമെന്റിൽ (Form N0.D.B4) യഥാർത്ഥ എസ്റ്റിമേറ്റ് തുകയായി കാണിച്ചിരിക്കുന്ന തുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഒറിജിനൽ എസ്റ്റിമേറ്റ് തുകയായി കംപാരേറ്റീവ് സ്റ്റേറ്റുമെന്റിൽ കാണിച്ചിരിക്കുന്ന തുക /Cum | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക |
|---|---|---|
| 2.8.1 Earthwork In Excavation By Mechanical Means In Manual Means In Foundation---------excavated Soil As Directed Within A Lead Of 50M. All Kinds Of Soil | 120 | 239.32 |
| 7.1.1 Random Rubble Masonry With Hard Stone---- Level With Cement Mortar 1:6 | 3850 | 5715.58 |
| 50.6.1.8 Solid Block Masonry Using Pre Cast Solid Blocks ----Withnthickness 15cm In Cm 1:6 | 5500 | 5989.09 |
| 9.5.3.2 Providing And Fixing-----asper Direction Of Engineer -In Charge 30mm Thick Shutters | 2500 | 3224.54 |

ഇപ്രകാരം വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് എക്സ്ട്രാ ഐറ്റംസിന്റെ റേറ്റും കംപാരിറ്റീവ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള എക്സ്ട്രാ ഐറ്റത്തിന്റെ റേറ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഒറിജിനൽ എസ്റ്റിമേറ്റ് തുകയായി കംപാരേറ്റീവ് സ്റ്റേറ്റുമെന്റിൽ കാണിച്ചിരിക്കുന്ന തുക /Cum | റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക |
|---|---|---|
| 50.9.1.1 Providing Wood Work In Frames Of Doors, Windows--------using Good Quality Anjilinwood/ laxk | 91218.68 | 81093.41 |
| 9.48.2 Providing And Fixing MS Grills----- Fixed To Openings Wooden Frames With Rawl Plugs Screws Etc | 144.07/kg | 128.08 |
| 13.16.1 6mm Cement Plaster Of Mix 1:3 | 184.24 | 139.13 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.32-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചിട്ടുള്ളവയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-26 സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും പൂർത്തിയാക്കിയില്ല.

ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ, തീയതി 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചെലവ് പത്രിക പ്രകാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്ത പ്രോജക്ട് നം. 227, 231, 237, 225, 226 എന്നിവ തൻവർഷം സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം നടപ്പിലാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.25-ന പ്രോജക്ട് നം. 227, 231 എന്നീ പദ്ധതികൾ കരാറുകാർ ഏറ്റെടുത്തിരുന്നുവെങ്കിലും പൂർത്തീകരിച്ചില്ലായെന്നും 225 എന്ന പദ്ധതി സ്ഥലം ലഭിക്കാത്ത കാരണത്താലും വാഴോട്ടുകാല കുടിവെള്ള പദ്ധതി രണ്ടാംഘട്ടത്തിൽ തന്നെ പൂർത്തീകരിച്ചതിനാൽ മൂന്നാം ഘട്ടം ഡ്രോപ്പ് ചെയ്യുകയാണുണ്ടായതെന്നും പ്രോജക്ട് നം.226 പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും എന്നാൽ ചെലവ് തുക Lsg അക്കൗണ്ടന്റ് രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.1 പ്രകാരം വാർഷിക പദ്ധതിയ്ക്ക് മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തന്നെ തീരുമാനിക്കേണ്ടതാണ്. ഇപ്രകാരം തുടർന്ന് നടപ്പിലാക്കേണ്ടാത്തവ ആദ്യം തന്നെ കണ്ടെത്തി ഒഴിവാക്കാതെ സ്പിൽ ഓവർ പദ്ധതിയായി തുടർന്നത് ഫണ്ട് ലാപ്സാകുന്നതിന് കാരണമായി. തുടർവർഷങ്ങളിൽ സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-27 ഗുണമേന്മയുള്ള റോഡ് -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സർക്കാർ ഉത്തരവ് (കൈ)നം11/2018 ത.സ്വ.ഭ.വ, തീയതി.29.01.2018 ഖണ്ഡിക 7.13 പ്രകാരം ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥാപനം ഇത്തരത്തിൽ റോഡ് ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.22-ന് ഗുണമേന്മയുള്ള റോഡ് തയ്യാറാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ

നൽകിയിട്ടുണ്ടെന്നും 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി ലഭിക്കുകയാണെങ്കിൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കും എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-28 റോഡ് കണക്ടിവിറ്റി പ്ലാൻ-മാപ്പ് എന്നിവ ആധികാരികമല്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.13 പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011-ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.24-ന ആസ്തികൾ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിലേയ്ക്കായി റോഡ് കണക്ടിവിറ്റി മാപ്പിംഗ് തയ്യാറാക്കാൻ KSREC തയ്യാറാക്കിയ ഓൺലൈൻ ഫ്ലാറ്റ് ഫോം ആയ R ട്രാക് വഴി ഫേസ് 1-ൽ 2019-20 വർഷം വിവരശേഖരണം നടത്തിയിട്ടുണ്ടെന്നും ഫേസ് 2 വെരിഫിക്കേഷൻ നിലവിൽ നടന്നുവരുന്നുവെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപ്രൂവൽ ഫേസ് കഴിയുന്ന മുറയ്ക്ക് ആയത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-29 എല്ലാ വാർഡുകളിലും മിനി.എം.സി.എഫ് സ്ഥാപിക്കൽ - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം. | 161 |
| പേര് | എല്ലാ വാർഡുകളിലും മിനി.എം.സി.എഫ് സ്ഥാപിക്കൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 10,00,000/- |
| ചെലവ് | 8,50,575/- |
| ബിൽ നം | 88/27.3.2021 |
| എം.ബുക്ക് നം | 376/5.8.2020 |
| കരാറുകാരൻ | രാജേഷ് കുമാർ |
| സാങ്കേതികാനുമതി നം. | 52639/2020-21 |
| എഗ്രിമെന്റ് നം. | 41/AE/LSGD/PGD/2020-21/18.01.2021 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 08.02.2021-ലെ 4(23) നം. തീരുമാന പ്രകാരം Epoxy Paint ചെയ്യുന്ന ഏരിയ കൂടുതൽ ആയി വരുന്നതിനാലും നെയിം ബോർഡിൽ പതിപ്പിക്കുന്ന സ്റ്റിക്കറിനുള്ള പ്രൊവിഷൻ കൂടി എസ്റ്റിമേറ്റിൽ ഉൾപ്പടുത്തേണ്ടതിനാലും പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. രണ്ട് മിസി എം.സി.എഫ്-കളുടെ സ്ഥലപരിശോധന നടത്തിയതിൽ ഒരു മിനി എം.സി.എഫ് പാങ്ങോട് മാർക്കറ്റിൽ നിലവിലുള്ള എം.സി.എഫ്-ന്റെ മുൻപിൽ സ്ഥാപിച്ചതായി കണ്ടു. എന്നാൽ അത് കാട് മൂടിയ അവസ്ഥയിലായിരുന്നു. ആയതിൽ സ്റ്റിക്കർ പതിച്ചിട്ടില്ല. ഐറ്റം നം. 10.16.1 ന് എസ്റ്റിമേറ്റ് പ്രകാരം 1192.964 Kg@ 122.60 ഉം ഐറ്റം നം. 13.52.1 ന് എസ്റ്റിമേറ്റ് പ്രകാരം 227.700sqm ന് @153 ഉം ആണ്. എന്നാൽ എം.ബുക്ക് പ്രകാരം ഐറ്റം നം. 10.16.1 ന് 1337.11kg@122.60 ഉം ഐറ്റം നം. 13.52.1 ന് 379.53@153ഉം നിരക്കിൽ ആണ് തുക നൽകിയിരിക്കുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ ഇനങ്ങൾക്ക് എസ്റ്റിമേറ്റിൽ നിന്ന് അധികമായി ചെയ്ത അളവുകൾക്ക് നൽകിയ തുകയുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. തുകയിലെ പൊരുത്തക്കേട് വിശദീകരിക്കേണ്ടതുമാണ്. എം.സി.എഫ് പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-30 റിവൈസ്ഡ് എസ്റ്റിമേറ്റ്- പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കുന്നില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (Go(p)13/2012/pwd/dtd 01.02.2012 സെക്ഷൻ 1601-1-6 പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ.(എം.എസ്)72/2017, ത.സ്വ.ഭ.വ തീയതി 29-03-2017 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ല എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ പറയുന്ന പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു.

| | പദ്ധതിയുടെ പേര്, നം. | പദ്ധതി പൂർത്തീകരിച്ച തീയതി | പദ്ധതി റിവൈസ് ചെയ്യാനുള്ള ഭരണ സമിതി തീരുമാനം |
|---|---|---|---|
| 1. | 203, ബഡ്സ് സ്കൂൾ പണി പൂർത്തീകരണം | 12.07.2020 | തീരുമാനം നം 3(6), 14.08.2020 |

കൂടാതെ മേൽ പ്രവൃത്തിയ്ക്ക് ചെക്ക് ന.464280/4.2.2021 പ്രകാരം 1,91,570/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.28-ന പദ്ധതിയുടെ ആദ്യത്തെ എസ്റ്റിമേറ്റിൽ നിന്നും പ്രവൃത്തിയിൽ മാറ്റം വന്നിട്ടില്ലായെന്നും ഭരണസമിതിയുടെ നിർദ്ദേശാടിസ്ഥാനത്തിൽ കെട്ടിടത്തിൽ ഉദ്ഘാടനഫലകം കൂടി വെക്കുന്നതിലേക്കു മാത്രമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരിക്കുന്നത് എന്നും ആയതു പദ്ധതി മാർഗ്ഗരേഖയ്ക്കു എതിരല്ലായെന്നും ജില്ലാപഞ്ചായത്ത് വിഹിതം എൽ.എസ്.ജി അക്കൗണ്ടന്റ് ആണ് സുലേഖയിൽ രേഖപ്പെടുത്തുന്നതെന്നും, രേഖപ്പെടുത്താത്തതിന്റെ കാരണം വ്യക്തമല്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതികൾ റിവൈസ് ചെയ്ത് നടപ്പിലാക്കുമ്പോൾ പൊതുമരാമത്ത് ചട്ടം പാലിക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതാണ്.

## 1-31 ആസ്തി പരിപാലനം- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ, തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012-ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-32 ദുരിതാശ്വാസ നിധി രൂപീകരണം-വിവരങ്ങൾ ലഭ്യമാക്കിയില്ല

2003-ലെ കേരള പഞ്ചായത്ത്‌രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ താമസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്. ദുരിതാശ്വാസ നിധി രൂപീകരിച്ചുകൊണ്ടുള്ള ഭരണ സമിതി തീരുമാനം ഉണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.41-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-33 അംഗൻവാടികൾക്ക് ടോയ്‌ലറ്റ് നിർമാമാണവും നവീകരണവും-അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം. | 212 |

| | |
|---|---|
| പേര് | അംഗൻവാടികൾക്ക് ടോയ്‌ലറ്റ് നിർമാണവും നവീകരണവും |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 96,000/- |
| ചെലവ് | 95,940/- |
| ബിൽ നം | 19/27.08.2020 |
| എം.ബുക്ക് നം | 194/2019-20/07.09.2019 |
| എഗ്രിമെന്റ് നം. | 50/AE/LSGD/PGD/18-19/06.03.2019 |
| കരാറുകാരൻ | സന്തോഷ് കുമാർ.എസ് |
| സാങ്കേതികാനുമതി നം. | 58593/2018-19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

1. അംഗൻവാടികൾക്ക് ടോയ്‌ലറ്റ് നിർമാണത്തിനും നവീകരണത്തിനും ആയി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ 12.02.2019-ലെ റീടെണ്ടർ പ്രകാരം ശ്രീ.സന്തോഷ് കുമാർ . എസ്-നെ 0.016% കുറവ് നിരക്കിൽ പ്രവൃത്തി ചെയ്യാൻ തെരഞ്ഞെടുത്തതായി സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2018-19 ലെ ടെണ്ടർ രജിസ്റ്റർ, മറ്റ് രേഖകൾ എന്നിവ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ശ്രീ.സന്തോഷ് കുമാർ.എസ് ആണോ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഉറപ്പാക്കാനായില്ല. എ.ഇ 20.01.2020-ൽ AE0LSGD/PGD/49/2018-19-ൽ സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ അംഗൻവാടി ടോയ്‌ലറ്റ് നിർമ്മാണവും നവീകരണവും എന്ന പദ്ധതി എ.ഇ-യുടെ ഓഫീസിനെ അറിയിക്കാതെ സ്വന്തം ഇഷ്ടപ്രകാരമാണ് നടത്തികൊണ്ടിരിക്കുന്നതെന്നും, മേൽ വിഷയങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നുള്ള നിലയ്ക്ക് പദ്ധതി ഗുണനിലവാരത്തിൽ നടപ്പിലാക്കുന്നതിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനാൽ മോണിറ്ററിംഗ് സമിതി അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്മേൽ പഞ്ചായത്ത് ഭരണസമിതിയുടെ തുടർനിർദ്ദേശാനുസരണം നടപടി സ്വീകരിക്കുന്നതാണെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഭരണസമിതി തീരുമാനം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ട് നിർദ്ദേശങ്ങൾ അല്ലാതെ ഏതെങ്കിലും പ്രോജക്ട് മോണിറ്റർ ചെയ്തതായി കാണുന്നില്ല. ബിൽ നം.19/27.08.2020 പ്രകാരം കരാറുകാരന് തുക മാറി നൽകിയിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, ഭരണസമിതി തീരുമാനം എന്നിവ കൂടാതെ കരാറുകാരന് തുക മാറി നൽകിയതിന്റെ കാരണം വ്യക്തമല്ല.

2. ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് റിവൈസ് ചെയ്തതായി കാണുന്നു. ആയതിന് അംഗീകാരം നൽകിയ ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

3. സാങ്കേതികാനുമതിപത്രം പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 4 മാസമാണ്. 06.03.2019-ൽ എഗ്രിമെന്റ് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. എം.ബുക്ക് പേജ് നം. 15 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 17.05.2020-ൽ ആണ്. 06.07.2019-ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 315 ദിവസം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിരുന്നിട്ടും കരാറുകാരനിൽ നിന്നും പിഴ ഈടാക്കാത്തതിന്റെ കാരണം വ്യക്തമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.37-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-34 തെരുവുവിളക്കുകൾ സ്ഥാപിക്കലും മെയിന്റനൻസും - അപാകതകൾ.

തെരുവുവിളക്ക് മെയിന്റനൻസിന് പഞ്ചായത്ത് അടാട്ട് മാതൃകയാണ് പിന്തുടരുന്നതെന്ന് എൻക്വയറിക്ക് (നം:5) മറുപടിയായി അധികാരികൾ അറിയിച്ചിട്ടുണ്ട്. മെയിന്റനൻസ് പ്രവൃത്തികൾക്കായി ശ്രീ.നിസാറുദ്ദീൻ, ചരുവിള പുത്തൻവീട്, വെങ്കട്ടമൂട് എന്നയാളെ നിയമിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ

നിർദ്ദേശപ്രകാരം പഞ്ചായത്ത് ഡയറക്ടർ 17.08.2015-ൽ പുറപ്പെടുവിച്ച ജി2-44274/15 നം. ഉത്തരവിലെ വ്യവസ്ഥകളിൽ ടി നിയമനം ഒഴികെ ബാക്കിയൊന്നും സ്ഥാപനം പാലിച്ചുകാണുന്നില്ല. അടാട്ട് മാതൃക അവലംബിക്കുന്ന പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതി സ്വീകരിക്കലും തുടർ പ്രവർത്തനങ്ങൾക്കുമായി നോഡൽ ആഫീസറെയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നു. പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറുകയും ചെയ്യേണ്ടതാണ്. എന്നാൽ, തെരുവുവിളക്കിനെപ്പറ്റിയുള്ള പരാതി സ്വീകരിക്കുന്നതിനുള്ള യാതൊരു സംവിധാനവും പഞ്ചായത്തിലില്ല. കേടായ തെരുവുവിളക്കുകൾ ഉള്ളതായി കാണിച്ച് പോസ്റ്റ് നമ്പറുകൾ എഴുതിച്ചേർത്ത ഒരു രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കേണ്ടി വരുമ്പോൾ കംപ്ലയിന്റ് രജിസ്റ്റർ പരിശോധിച്ച് മാറ്റി സ്ഥാപിക്കേണ്ട തെരുവുവിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതിന് ആവശ്യമായി വരുന്ന ദിവസങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കരാർ കാലാവധി ടി ദിവസങ്ങളിൽ പരിമിതപ്പെടുത്തി വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. എന്നാൽ ആയതും പാലിച്ചു കാണുന്നില്ല. ലൈറ്റുകൾ റിപ്പയർ ചെയ്തതായി പ്രസിഡണ്ടിന്റെ നേതൃത്വത്തിലുള്ള മൂന്നംഗസമിതി സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇലക്ട്രീഷ്യന് വേതനവും വാഹനവാടകയും അനുവദിക്കുന്നത്.

പദ്ധതികൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ലഭ്യമാകാത്ത ഉപകരണങ്ങൾക്ക് നൽകിയ തുക – 36,629/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി : 168/21 ഭരതന്നൂർ PHC ലബോറട്ടറിയിലേക്ക് ഉപകരണങ്ങളും ഫർണിച്ചറും വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, PHC

അടങ്കൽ : 8,00,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)

ചെലവ് : 6,21,933/-രൂപ

ഭരതന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് വിവിധ പരിശോധനകൾക്കാവശ്യമായ ഉപകരണങ്ങളും കമ്പ്യൂട്ടർ, മേശ, കസേര, വാട്ടർ പ്യൂരിഫൈയർ മുതലായ ഇനങ്ങളും വാങ്ങാനുദ്ദേശിച്ചുള്ളതാണ് പ്രസ്തുത പ്രോജക്ട്. ബിൽ നം 8/12.02.2020 മുഖേന 3,84,569/-രൂപ ലബോറട്ടറി ഉപകരണങ്ങൾക്കും ബിൽ നം.11/27.03.2020 മുഖേന 1,53,750/-രൂപ മറ്റിനങ്ങൾക്കായും ഉൾപ്പെടെ 6,21,933/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രാദേശിക പരിശോധന നടത്തിയതിൽ ഈ ബില്ലുകൾ പ്രകാരമുള്ള ചുവടെപ്പറയുന്ന ഇനങ്ങൾ നാളിതുവരെ സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല.

| ഇനം | ഒടുക്കിയ തുക |
|---|---|
| Hot Air Oven Large | 32449/- |
| Water Purifier Well Water | 4180/- |

ഉപകരണങ്ങൾ ലഭ്യമാകുന്നതിനു മുൻപ് തുക ഒടുക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യാത്ത പക്ഷം 36,629/-രൂപ നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-36 ആകസ്മികച്ചെലവുകൾക്കായി അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചു - 3,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി-ക്ക് ചുവടെപ്പറയും പ്രകാരം 2020-21 വർഷത്തിൽ മുൻകൂർ തുകകൾ ആകസ്മികച്ചെലവുകൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്.

| വൗച്ചർ നം/തീയതി | തുക |
|---|---|
| 22000075/4.5.20 | 100000/- |
| 22000871/19.10.20 | 200000/- |

ഇപ്രകാരം അനുവദിച്ച തുകകളെല്ലാം HMC-യുടെ അക്കൗണ്ടിലേയ്ക്കാണ് വരവു വെച്ചിട്ടുള്ളത്. HMC-യുടെ അക്കൗണ്ടിൽ ക്യാഷ് ബുക്ക് പ്രകാരം 04.04.2020-ൽ 65,778/-രൂപയും 31.03.2021-ലെ നീക്കിയിരിപ്പ് 99,898/-രൂപയുമാണ്. ടി തുകയുടെ ചെലവു വൗച്ചറുകളായി പരിശോധനയ്ക്ക് ലഭ്യമാക്കിയതിൽ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | ഇനം | തുക |
|---|---|---|
| 74 - 77 | Grow Bag Filling | 5200/- |
| 86 - 95 | കാർഷിക ഉപകരണങ്ങൾ വാങ്ങിയത് | 22375/- |
| 104 -108 | വിത്ത്, Sprayer, Tube Roll Joint, Notebooks | 13908/- |
| 64 – 66 | Sprayer, വളം, വിത്ത് | 2780/- |
| 61 - 63 | Potting Mixture, Grow Bag, വളം | 8250/- |
| 45 | മൺവെട്ടി വാങ്ങിയത് | 760/- |

HMC-യുടെ വരവായുള്ള തുകയും ഇതോടൊപ്പം വിനിയോഗിച്ചുവരുന്നു. ഇത് കൃത്യമായി വേർതിരിച്ച് പരിശോധിക്കാനാവശ്യമായ രേഖകളൊന്നും സ്ഥാപനത്തിൽ ലഭ്യമല്ല. പ്രാദേശിക പരിശോധനയിൽ ഏതാനും ഒഴിഞ്ഞ ഗ്രോബാഗുകൾ മാത്രമാണ് പി.എച്ച്.സി-യിൽ കാണാൻ കഴിഞ്ഞത്. വ്യക്തമായ ചെലവുരേഖകളുടെ അഭാവത്തിൽ ആകസ്മികച്ചെലവുകൾക്കായി അനുവദിച്ച 3,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 ഉപകരണങ്ങൾ വാങ്ങൽ - അധികമായി ഒടുക്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി : പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നം : 12/21

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി
ഫണ്ട് : വികസന ഫണ്ട് (പൊതുവിഭാഗം)

പദ്ധതി അടങ്കൽ : 3,25,000/-രൂപ

പദ്ധതി ചെലവ് : 2,00,645/-രൂപ

ബിൽ നം :11/25.05.2020

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ മറ്റനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരം 2,00,645/-രൂപ സംസ്ഥാന ഐ.റ്റി മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ സപ്ലൈ ചെയ്ത HP India Sales Pvt. Ltd എന്ന സ്ഥാപനത്തിന്റെ ഇ-വേ ബിൽ (നം: 331240747809) പ്രകാരം പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ഉപകരണങ്ങളുടെ ആകെ വില 1,92,930/-രൂപ ആണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) മറുപടിയായി അധികമായി ഒടുക്കിയിട്ടുള്ള തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-38 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികൾ - പൊതു അപാകതകൾ.

2020 – 21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായ വിവിധ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ വാങ്ങി സൂക്ഷിച്ചിട്ടില്ല.

2) തൻവർഷം ആനുകൂല്യം നൽകിയ ആളുകളുടെ എല്ലാ രേഖകളും ഒന്നിച്ച് ഫയൽ ചെയ്തിട്ടില്ല. രേഖകൾ കൃത്യമായി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) ബിൽ നം 13/30.03.2021 മുഖേന പിൻവലിച്ച 20,000/-രൂപയുടെ വിവരം ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല. ജനകീയ ഹോട്ടലിന് തനതുഫണ്ടിൽ നിന്നും നൽകിയ തുക റീക്രൂപ്പ് ചെയ്തതിനാലാണ് രേഖപ്പെടുത്താത്തത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്.

4) ഫയലുകളോടൊപ്പം സൂക്ഷിച്ചിട്ടുള്ള മുദ്രപ്പത്രങ്ങളിൽ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല.

5) ഭവനപുനരുദ്ധാരണം പോലെയുള്ള പദ്ധതികളിൽ ഗുണഭോക്താക്കൾക്കനുവദിച്ച എല്ലാ ഗഡുക്കളുടെയും വിവരങ്ങൾ അക്വിറ്റൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. എൻക്വയറിക്കുള്ള മറുപടിയായാണ് അനുവദിച്ച തുകയുടെ വിവരം ലഭ്യമാക്കിയിട്ടുള്ളത്.

മേൽ അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും രേഖകളെല്ലാം കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

### 1-39 രേഖകൾ ഹാജരാക്കിയില്ല – 45,70,199/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പദ്ധതികൾക്കായി തൻവർഷം 45,70,199/-രൂപ ചെലവഴിച്ചിട്ടുള്ളതായി സുലേഖ ചെലവു പത്രികയിൽ കാണുന്നു. എന്നാൽ ഓഡിറ്റ് റിക്വിസിഷൻ (നം.1) മുഖേന ആവശ്യപ്പെട്ടിട്ടും ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മുൻവർഷങ്ങളിലും വെറ്ററിനറി സർജൻ രേഖകൾ ഹാജരാക്കാത്തതിനാൽ ചുവടെപ്പറയും പ്രകാരം ചെലവുതുക തടസ്സപ്പെടുത്തിയിട്ടുള്ളതാണ്.

2018 -19 : 259050/-

2019 -20 : 1579000/-

തുടർച്ചയായ വർഷങ്ങളിൽ ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാതെ വെറ്ററിനറി സർജൻ നിരുത്തരവാദപരമായ സമീപനം തുടരുന്ന വിവരം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. രേഖകളുടെ അഭാവത്തിൽ തൻവർഷത്തെ ചെലവായ 45,70,199/-രൂപയും തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 67, ക്ഷീരസമൃദ്ധി-പാലിന് സബ്സിഡി | 600000 | 76311 | 523689 |
| | 125, ഹരിതഭവനം | 168000 | 168000 | 0 |
| | 133, ക്ഷീരസമൃദ്ധി | 533662 | 80339 | 453323 |
| | 205, ന്യൂലൈഫ് ലക്ഷംവീട് നവീകരണം | 400000 | 400000 | 0 |
| ആകെ | | 1701662 | 724650 | 977012 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 14, വിശപ്പ് രഹിതകേരളം | 20000 | 20000 | 0 |
| | 67, ക്ഷീരസമൃദ്ധി-പാലിന് സബ്സിഡി | 600000 | 155895 | 444105 |
| | 133, ക്ഷീരസമൃദ്ധി | 472126 | 471451 | 675 |
| | 44, സ്നേഹസ്പർശം | 370500 | 370500 | 0 |
| | 205, ന്യൂലൈഫ് ലക്ഷംവീട് നവീകരണം | 200000 | 160000 | 40000 |
| | 164, മോടൊട്ടുകാല സാംസ്കാരിക നിലയം നിർമ്മാണം | 800000 | 314676 | 485324 |
| ആകെ | | 2462626 | 1492522 | 970104 |

| | മുന്നിരിപ്പ് | വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 696574 | 724650 | 1421224 | 724650 | 696574 | 696574 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 526691 | 2777522 | 3304213 | 1492522 | 1811691 | 1220121 |
| ആകെ | 1223265 | 3502172 | 4725437 | 2217172 | 2508265 | 1916695 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുകളും സുലേഖ പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല, ആയത് പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 4- 2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവ് തുക | ഏജൻസിയിൽ ബാക്കി നിർക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 130, പട്ടികജാതി കോളനിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1011000 | 0 | 1011000 | ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം 25.01.2022-ലാണ് ലഭിച്ചത് |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 129, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 1200000 | 0 | 1200000 | ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം 25.01.2022-ലാണ് ലഭിച്ചത് |
| കെ.എസ്.ഇ.ബി | 57, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംങ് | 200000 | 0 | 200000 | - |
| പി.ഡബ്ള്യ.ഡി | 131, വട്ടക്കരിക്കകം ജംങ്ഷനിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 190013 | 158276 | 31737 | 19.03.2021-ൽ ലഭിച്ചത് 1,58,276/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രമാണ്. ബാക്കിയുള്ള 31,737/- രൂപ തിരികെ ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. |
| | ആകെ | 26,01,013/- | 1,58,276/- | 24,42,737/- | |

| | 19-20 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 20-21 വർഷത്തെ നിക്ഷേപം (RP 47 Payment) | ആകെ | ചെലവ് | നീക്കിയിരിപ്പ് | 20-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 116931 | 55278 | 172209 | - | 172209 | 172209 |
| കേരള വാട്ടർ അതോറിറ്റി | 3278640 | 2711000 | 5989640 | - | 5989640 | 5989640 |
| PWD | 120000 | 190013 | 310013 | - | 310013 | 310013 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുകളും സുലേഖ പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല, ആയത് പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സഹകരണ ബാങ്ക് | 2065393 | - | 2065393 | 852500 | 1212893 |
| HUDCO | 23710747 | 3360000 | 27070747 | 2400861 | 24669885 |

മേൽ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2018 -19 | 1-32 | 4990/- | ശ്രീ.വിഷ്ണു, അസിസ്റ്റന്റ് എഞ്ചിനിയർ | 120030104428/ 17.03.2021 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-7 | | | VEO 10,59,000/-രൂപയുടെ ക്രമക്കേട് - ചെലവ് തടസ്സപ്പെടുത്തി. | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 149825322 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,28,85,579 |
| നീക്കിയിരിപ്പ് | 16939743 |
| വരവിനങ്ങളിലുള്ള നഷ്ടം | . |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 51,39,034 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2,32,206 | ശ്രീ.ശ്രീകുമാർ എ.എസ്, ഡയറി ഫാം ഇൻസ്ട്രക്ടർമാർ |
| 1-35 | 36,629 | ഡോ രാജീവ് കെ എസ്, മെഡിക്കൽ ഓഫീസർ, PHC |
| 1-36 | 3,00,000 | ഡോ രാജീവ് കെ എസ്, മെഡിക്കൽ ഓഫീസർ, PHC |
| 1-39 | 45,70,199 | ഡോ അനില പീതാംബരൻ, വെറ്റിനറി സർജൻ |
| ആകെ | 51,39,034 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ശ്രീകുമാർ എ.എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ | TC58/538, കാർത്തിക, തിരുവല്ലം, തിരുവനന്തപുരം |
| ഡോ രാജീവ് കെ.എസ്, മെഡിക്കൽ ഓഫീസർ (PHC) | മെഡിക്കൽ ഓഫീസർ, ഭരതന്നൂർ PHC | ചെറുകുന്നവിളാകം വീട്, ആത്തിവിള, മലയിൻകീഴ് പി ഒ |
| ഡോ അനില പീതാംബരൻ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, പാങ്ങോട് ഗ്രാമപഞ്ചായത്ത് | പ്ലാവിള വീട്, കൈലത്തുകോണം, കുറക്കട.പി.ഒ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, തീയതി 10-07-2018 | 4 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, തീയതി 10-07-2018 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, തീയതി 10-07-2018 | 1 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, തീയതി 10-07-2018 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, തീയതി 10-07-2018 | 2 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, തീയതി 10-07-2018 | 5 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, തീയതി 10-07-2018 | 7 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, തീയതി 10-07-2018 | 4 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, തീയതി 10-07-2018 | 6 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, തീയതി 10-07-2018 | 13 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, തീയതി 10-07-2018 | 15 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, | 7 |

| | | |
|---|---|---|
| | തീയതി 10-07-2018 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, തീയതി 10-07-2018 | 9 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018, തീയതി 10-07-2018 | 7 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2156/16, തീയതി 10-07-2018 | 5 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1894/17, തീയതി 26-09-2017 | 20 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2330/18, തീയതി 20.10.2018 | 34 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/805/2020, തീയതി 06.10.2020 | 34 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1954/2021, തീയതി | 35 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്